# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ (പികെഡി) പി P25/1550/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 08/11/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ (പികെഡി) പി P25/1550/2023 തീയ്യതി: 08/11/2023

## പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-01-2023 മുതൽ 14-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാം മനോഹർ വി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 15-09-2023 | 25-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-09-2023 | 25-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സുസ്മിത.കെ.വി - ഓഡിറ്റ് ഓഫീസർ
ശ്രീ.ഹരിഗോബിന്ദ് കെ.സി - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ബീന എം.വി - സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.അനിത .കെ- ഓഡിറ്റർ
ശ്രീമതി.ബേബി. കെ - ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ലിസി സുരേഷ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.രാധിക .കെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.ജയശ്രീ.എസ് | സിവിൽ സർജൻ, എഫ്.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.ശ്രീദേവി.പി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.അംബിക കെ | ഹെഡ് മിസ്ട്രസ്, ജി യു പി എസ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ജിനി ജോർജ് വി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 03-02-2023 |
| ശ്രീമതി.സുസ്മി.എ.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 04-02-2023 | 31-03-2023 |
| ശ്രീ.ദിലീപ് വർമ്മ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി റാണി ആർ ഉണ്ണിത്താൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.രവീന്ദ്രൻ കെ | വി ഇ ഒ I | 01-04-2022 | 03-08-2022 |
| ശ്രീമതി.നിസ്സ ബി | വി ഇ ഒ I | 04-08-2022 | 31-03-2023 |
| ശ്രീമതി രജനി.കെ. | വി.ഇ.ഒ. (II) | 01-04-2022 | 31-03-2023 |
| ഡോ.പ്രഭാത് എ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-12-2022 |
| ഡോ.ജയമ്മ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-01-2023 | 06-03-2023 |
| ഡോ.ശ്രീവിലാസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 07-03-2023 | 31-03-2023 |
| ഡോ. മനോജ്.വി.തോമസ് | മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി.ഉമൈബ എം | ഡയറി ഫാം ഇൻസ്ടക്ടർ | 01-04-2022 | 29-03-2023 |
| ശ്രീ ചൻസൂർ | ഡയറി ഫാം ഇൻസ്ടക്ടർ | 30-03-2023 | 31-03-2023 |
| ശ്രീ മനു ചന്ദ്രൻ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.ഡേവിസ് പി കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 02-08-2022 |
| ശ്രീ.സുബൈർ അലി വൈ | അസിസ്റ്റന്റ് സെക്രട്ടറി | 03-08-2022 | 25-10-2022 |
| ശ്രീ. ലളിത് സി കെ | അസിസ്റ്റന്റ് സെക്രട്ടറി | 26-10-2022 | 06-12-2022 |
| ശ്രീ.സുബൈർ അലി വൈ | അസിസ്റ്റന്റ് സെക്രട്ടറി | 07-12-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്ററും ബാലൻസ് ഷീറ്റിലെ ആസ്തികളുടെ മൂല്യവും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ലെഡ്ജറും രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല | 1-1-5 |
| 7 | മുൻകൂർ വരവ് -അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-6 |
| 8 | പ്രതിമാസ റീകൺസിലിയേഷൻ നടത്തിയിട്ടില്ല | 1-1-7 |
| 9 | പ്രതിമാസ റീകൺസിലിയേഷൻ വൈകി നടത്തുന്നു | 1-1-7-1 |
| 10 | ഡേ ബുക്ക്,ക്യാഷ് ബുക്ക് തുകകളിൽ വ്യത്യാസം | 1-1-8 |
| 11 | ഇൻവെസ്റ്റ്മെന്റ്- രേഖകൾ ലഭ്യമല്ല | 1-1-9 |
| 12 | ഡെപ്പോസിറ്റ് - രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 13 | ബഡ്ജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം | 1-10 |
| 22 | ഐ.എൽ.ജി.എം എസ് സോഫ്റ്റ് വെയറിലെ രസീതി ക്യാൻസലേഷൻ -അപാകതകൾ | 1-11 |
| 23 | രസീതികൾ വൈകി ക്യാൻസൽ ചെയ്തിരിക്കുന്നു | 1-11-1 |
| 24 | 2023 ഏപ്രിൽ മുതൽ നാളിതുവരെയുള്ള പ്രതിമാസ റീകൺസിലിയേഷൻ നടത്തിയിട്ടില്ല | 1-11-2 |
| 25 | തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ | 1-12 |
| 26 | 2022-2023 വർഷത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 1-12-1 |
| 27 | പോസ്റ്റ് ഓഫീസിലെ താൽക്കാലിക ജീവനക്കാർ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12-2 |
| 28 | മെഡിക്കൽ സെന്റർ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയത് അപൂർണ്ണം. | 1-12-3 |
| 29 | സ്വകാര്യ സ്കൂൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് | 1-12-4 |
| 30 | വസ്തു നികുതി പരിഷ്കരണം | 1-13 |

| | | |
|---|---|---|
| 31 | വസ്തു നികുതി പിരിവിലെ അപാകതകൾ | 1-14 |
| 32 | കെട്ടിടങ്ങളുടെ എണ്ണം വ്യത്യാസപ്പെട്ടിരിക്കുന്നു | 1-14-1 |
| 33 | മൊബൈൽ ടവറിന്റെ നികുതി അടവാക്കിയിട്ടില്ല | 1-14-2 |
| 34 | കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് ഭേദഗതി പ്രകാരമുള്ള സർചാർജ് ഈടാക്കുന്നില്ല | 1-14-3 |
| 35 | സഞ്ചയ സോഫ്റ്റ് വെയറിലെ വിസ്തീർണ്ണം ന്യൂ ബിൽഡിങ് രജിസ്റ്ററിലെ വിസ്തീർണ്ണം ,പ്ലാൻ വിസ്തീർണ്ണം എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു | 1-14-4 |
| 36 | വിനോദ നികുതി പിരിവിലെ അപാകതകൾ | 1-15 |
| 37 | വിനോദ നികുതി ഡിമാന്റ് ചെയ്യുന്നതിൽ കാലതാമസം | 1-15-1 |
| 38 | ബസ് സ്റ്റാൻഡ് പ്രവർത്തിക്കുന്നുണ്ടെങ്കിലും വരവ് ലഭ്യമായിട്ടില്ല | 1-16 |
| 39 | പഞ്ചായത്ത് കംഫർട്ട് സ്റ്റേഷൻ - അനധികൃതമായി സ്വകാര്യവ്യക്തി യൂസർഫീ പിരിക്കുന്നു | 1-16-1 |
| 40 | ലൈസൻസ് രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-17 |
| 41 | ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല | 1-17-1 |
| 42 | സ്ഥാപനത്തിൽ നിന്ന് ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല | 1-17-2 |
| 43 | ഹോമിയോ ഡിസ്പെൻസറി- മരുന്ന് ലഭ്യമായിട്ടില്ല | 1-18 |
| 44 | എസ്സ്.സി. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | 1-19 |
| 45 | എസ്സ്.സി വയോജനങ്ങൾക്ക് കട്ടിൽ - മുഴുവൻ കട്ടിലുകളും വിതരണം ചെയ്തില്ല | 1-20 |
| 46 | എസ്.സി, എസ്.ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - വിദ്യാർത്ഥികളുടെ അർഹത നിർണ്ണയിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല | 1-21 |
| 47 | പട്ടികവർഗ്ഗവിഭാഗക്കാർക്ക് മിശ്രവിവാഹധനസഹായം -അപാകതകൾ | 1-22 |
| 48 | പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവരുടെ വീട് അറ്റകുറ്റപ്പണി - വാല്യൂവേഷൻ സർട്ടിഫിക്കറ്റില്ലാതെ ധനസഹായം അനുവദിച്ചു | 1-23 |
| 49 | അംഗനവാടികളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ - GeM ൽ നിന്നും വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചില്ല | 1-24 |
| 50 | കോക്ലിയർ ഇംപ്ലാന്റേഷൻ - ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കണം | 1-25 |
| 51 | ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല | 1-26 |
| 52 | ഒ.ഡി. എഫ് ഗ്യാപ്പ് ഫില്ലിങ്ങ് - ടോയ് ലറ്റ് നിർമ്മാണം പൂർത്തീകരിച്ചില്ല | 1-27 |
| 53 | വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കൽ- എസ്സ്.സി- ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല | 1-28 |
| 54 | ലക്ഷം വീട്- ഇരട്ടവീട് - ഒറ്റവീടാക്കൽ - ജനറൽ - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല | 1-29 |
| 55 | ലക്ഷം വീട്- ഇരട്ടവീട് - ഒറ്റവീടാക്കൽ - പട്ടികജാതി - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല | 1-30 |
| 56 | അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ | 1-31 |

| | | |
|---|---|---|
| | സ്വീകരിക്കേണ്ടതാണ് | |
| 57 | വെറ്ററിനറി ആശുപത്രി- കമ്പ്യൂട്ടറും മറ്റനുബന്ധ ഉപകരണങ്ങളും ലഭ്യമായിട്ടില്ല | 1-32 |
| 58 | മരാമത്ത് പ്രവർത്തികൾ - പൊതു അപാകതകൾ | 1-33 |
| 59 | ടേക്ക് എ ബ്രേക്ക് - പ്രവർത്തനക്ഷമമാക്കണം | 1-34 |
| 60 | സമയപരിധിക്കകം എഗ്രിമെന്റ് വയ്ക്കുന്നില്ല | 1-35 |
| 61 | ധന വിനിയോഗ സാക്ഷ്യപത്രം - ഹാജരാക്കേണ്ടതാണ് | 1-36 |
| 62 | കുടിവെള്ള പദ്ധതികളിലൂടെയുള്ള ശുദ്ധ ജല വിതരണം | 1-37 |
| 63 | കുടിവെള്ള പദ്ധതികൾക്കുള്ള അറ്റകുറ്റ പണികൾ | 1-38 |
| 64 | തെരുവ് വിളക്കുകളുടെ പ്രവർത്തനവും, പരിപാലനവും - 2022-23 | 1-39 |
| 65 | സ്റ്റോക്ക് രജിസ്റ്റർ - ഹാജരാക്കണ്ടതാണ് | 1-40 |
| 66 | സ്റ്റോക്ക് രജിസ്റ്റർ - ഹാജരാക്കേണ്ടതാണ് | 1-41 |
| 67 | നിക്ഷേപ പ്രവൃത്തിക്കുള്ള ധന വിനിയോഗ സാക്ഷ്യപത്രം - ഹാജരാക്കേണ്ടതാണ് | 1-42 |
| 68 | മാലിന്യസംസ്കരണം -അവലോകനം | 1-43 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 2(1)/29-7-23 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 24-08-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തീയതി: 08-11-2023

ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ ഉണ്ട്.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase (Decrease) In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)249681 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2022-23

കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 26237611/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തി രജിസ്റ്ററും ബാലൻസ് ഷീറ്റിലെ ആസ്തികളുടെ മൂല്യവും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-1-4 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല. ഉദാഹരണം- വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും അവസാനത്തിലുമാണ് ഡിമാന്റ് രേഖപ്പെടുത്തുന്നത്

### 1-1-5 ലെഡ്ജറും രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല

ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. ഉദാ. വസ്തുനികുതി, തൊഴിൽ നികുതി

### 1-1-6 മുൻകൂർ വരവ് -അക്കൗണ്ടിംഗ് കൃത്യമല്ല

2023-24 വർഷത്തേക്കുള്ള പാർക്കിംഗ് ഫീസ് ലേലം തുക Advance Collection ആയി 2022-23 ലഭിച്ചിരുന്നു.
രാജീവ് – 815000 (ചേക്കുളം വാഹനപാർക്കിംഗ് -1221406141/15.3.23 )
ഷെരീഫ് – 301500 (കിഴക്കഞ്ചേരി റോഡ് – 1221406097/15.3.23 )
മേൽതുകകൾ വാർഷികകണക്കിൽ Misc.receipts – 180800199 എന്ന ഹെഡിലാണ് വരവ് വെച്ചിട്ടുള്ളത്. ബാലൻസ് ഷീറ്റിലെ ലയബിലിറ്റി ഹെഡിൽ അക്കൗണ്ട് ചെയ്തിട്ടില്ല

### 1-1-7 പ്രതിമാസ റീകൺസിലിയേഷൻ നടത്തിയിട്ടില്ല

പഞ്ചായത്തിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ തുടർ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

തൻ വർഷത്തെ നീക്കിയിരുപ്പ തുകകളായി RP-47 (B) ,B-17 രേഖപ്പെടുത്തിയിരിക്കുന്ന താഴെ പറയുന്ന അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ റീകൺസിലിയേഷൻ നടത്തിയ വിവരങ്ങൾ ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല.

| ബാങ്കിന്റെ പേര് | അക്കൌണ്ട് നം. | തുക |
|---|---|---|
| SBI | 67092800615 | 160086 |
| Kerala Gramin Bank | 40276100102266 9 | 106442 |
| SUB TREASURY VADAKKENCHERY | 71407140000003 | 132350 |

### 1-1-7-1 പ്രതിമാസ റീകൺസിലിയേഷൻ വൈകി നടത്തുന്നു

2022 ആഗസ്റ്റ് മാസം പാസ്ബുക്കിൽ വരവായി ലഭിച്ച തുക ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് ബുക്കിൽ മാർച്ചിൽ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം | ബാങ്ക് അക്കൗണ്ട് | തൻ വർഷം ആദ്യം ലഭിച്ച തുക | തീയതി | |
|---|---|---|---|---|
| | | | പാസ്ബുക്ക് പ്രകാരം | ബാങ്ക് ബുക്ക് പ്രകാരം |

| | | | | |
|---|---|---|---|---|
| 1 | Canara-110042584358-(Health Grant) | 160000 | 6.8.2022 | 15.3.2023 |
| 2 | Canara-110042580920(Health Grantsupportfor Diagnos) | 169716 | 1.8.2022 | 15.3.2023 |

ഒരുമാസത്തിന്റെ അവസാനം എല്ലാ ബാങ്ക് അക്കൌണ്ടുകളും പരിശോധിച്ച് ക്യാഷ് അടിസ്ഥാനത്തിൽ ലഭ്യമായ എല്ലാ വരവുകളും ഉൾപ്പെടുത്തി റസീത് ആൻഡ് പേയ്മെന്റ് ഷെഡ്യൂളിൽ ചേർക്കേണ്ടതാണ്.ബാങ്ക് ബുക്കിൽ വരവ് രേഖപ്പെടുത്തിയത് വളരെ വൈകിയായതിനാൽ ആഗസ്റ്റ് മാസം മുതൽ ടി വരവ് റസീത് ആൻഡ് പേയ്മെന്റ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ അക്കൌണ്ട്സ് ചട്ടം 60 പ്രകാരമുള്ള പ്രതിമാസ റസീത് ആൻഡ് പേയ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ പ്രസ്തുത അക്കൌണ്ടുകൾ പ്രതിമാസ റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

1-1-8 ഡേ ബുക്ക്,ക്യാഷ് ബുക്ക് തുകകളിൽ വ്യത്യാസം

ഗ്രാമപഞ്ചായത്തിന്റെ ഡേ ബുക്ക്, ക്യാഷ് ബുക്ക് എന്നിവയുടെ തുകകളിൽ വ്യത്യാസം. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | ഡേ ബുക്ക് പ്രകാരമുള്ള തുക | ക്യാഷ്ബുക്ക് പ്രകാരമുള്ള തുക | വ്യത്യാസം |
|---|---|---|---|
| 6.1.2023 | 31153 | 30792 | 361 |
| 18.1.2023 | 150238 | 150536 | 298 |
| 20.1.2023 | 104021 | 105031 | 1010 |
| 2.2.2023 | 119087 | 309159 | 190072 |

ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക്(നം.18/21.9.2023)ലഭ്യമാക്കിയ മറുപടിയിൽ 6.1.2023, 18.1.2023, 20.1.2023 തീയതികളിലെ തുകകൾ യഥാക്രമം 361/-, 298/-, 1010/- രൂപ ഔട്ട് ഡോർ കളക്ഷൻതുകയാണ്. ഔട്ട് ഡോർ ആയി വിവിധ ഹെഡുകളിൽ പിരിക്കുന്ന തുക ഫ്രണ്ട് ഓഫീസിൽ Outdoor Collection Control Ledger Account ൽ ചേർക്കുകയും അതാത് ദിവസത്തെ ക്യാഷ്ബുക്ക് സമ്മറിയിൽ വ്യത്യാസപ്പെടുകയും അടുത്ത ദിവസത്തെ സമ്മറിയിൽ ടി വ്യത്യാസം പരിഹരിക്കപ്പെടുകയും ചെയ്യുന്നതാണ് അറിയിച്ചിരിക്കുന്നു.

ഇപ്രകാരം രേഖപ്പെടുത്തുമ്പോൾ Outdoor Collection Control Ledger Account ൽ ഉണ്ടായിരുന്ന തുക Nil ആവുകയും അതാത് ഹെഡിലേയ്ക്ക് മാറ്റപ്പെടുന്നതുമാണ്. സഞ്ചയയിൽ ടി തുക വരവ് ചെയ്യുന്നതോടെ പേയ്മെന്റ് ഗണത്തിൽപ്പെടുത്തി കുറയ്ക്കുകയും ചെയ്യുന്നു. എന്നാൽ ടി തുക ഡേ ബുക്കിൽ കുറയുകയും ക്യാഷ് ബുക്കിൽ ഓപ്പണിങ്ങിൽ വരുകയും ഡേ ക്ലോസിങ്ങിൽ കുറയുകയും ചെയ്യുന്ന രീതിയിലാണ് ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയർ തയ്യാറാക്കിയിരിക്കുന്നത്. ഒരു വരവ് രണ്ട്പ്രാവശ്യം വരവായി കാണിച്ച്, ഒരുപ്രാവശ്യം കുറയ്ക്കുന്നു. ടി രീതി ക്യാഷ് ബുക്കിൽ പ്രതിഫലിക്കുന്നത് ഇപ്രകാരമാണ്.

ഇപ്രകാരം നടത്തുമ്പോൾ ധനനഷ്ടം സംഭവിക്കുന്നില്ലെങ്കിലും ഒരുകാര്യത്തിന് വേണ്ടി രണ്ട് തരത്തിൽ രസീതികൾ സൃഷ്ടിക്കപ്പെടുന്നു. പേയ്മെന്റ് നടപടികൾ സ്വീകരിച്ച് ഔട്ട് ഡോർകളക്ഷൻ Nil ആക്കുമ്പോൾ അവയിൽ ഒന്ന് റദ്ദ് ചെയ്ത് ഒരു രസീതി നില നിൽക്കുകയും ചെയ്യുന്നു. ആയതിനാൽ ഔട്ട് ഡോർ കളക്ഷൻ പ്രോസസിലൂടെ തുക ഇല്ലാതാക്കാൻ കഴിയുന്നത് സോഫ്റ്റ് വെയറിന്റെ സുതാര്യതയ്ക്ക് മങ്ങൽ ഏൽപ്പിക്കുവാൻ സാധ്യതയുള്ളതാണ്. ആയതിനാൽ ഔട്ട് ഡോർ കളക്ഷൻ , ആയതിന്റെ കളക്ഷൻ രസീതി എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

2.രസീതി ക്യാൻസലേഷൻ കൃത്യമായി നടക്കാത്തതിനാലാണ് 1221403578 പ്രകാരമുള്ള 190072 രൂപയുടെ വരവ് വ്യത്യാസമായി നിലനിൽക്കുന്നത്. ഇതു സംബന്ധിച്ച ലഭ്യമാക്കിയ മറുപടിയിൽ ടി തുകയുടെ ഇൻസ്ട്രുമെന്റ് മാറിപ്പോയതാണെന്നും, എന്നാൽ സങ്കേതിക പ്രശ്നങ്ങൾ മൂലം അന്നേ ദിവസം ക്യാൻസൽ ചെയ്യുന്നതിന്

കഴിഞ്ഞില്ലെന്നും അതിനാൽ തൊട്ടടുത്ത ദിവസം ക്യാൻസൽ ചെയ്തു എന്നുമാണ് നൽകിയ വിശദീകരണം. എന്നാൽ ടി ദിവസം 1221403579 മുതൽ 1221403609 വരെ രസീതി നൽകിയിട്ടുണ്ട്. ഒരു രസീതി ക്യാൻസലേഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കാതെ തന്നെ അടുത്ത രസീതി ഇഷ്യൂ ചെയ്യാൻ കഴിയുന്നത് സോഫ്റ്റ്‌വെയറിന്റെ സുതാര്യതയ്ക്ക് മങ്ങൽ ഏൽപ്പിക്കുവാൻ സാധ്യതയുള്ളതാണ്. തൻവർഷം നിരവധി രസീതുകൾ ക്യാൻസൽ ചെയ്തതായി കാണുന്നു. ആയതിനാൽ ശരിയായ നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് രസീതുകൾ ക്യാൻസൽ ചെയ്യേണ്ടതും, നിരവധി തവണ രസീതുകൾ ക്യാൻസൽ ചെയ്യുന്ന പ്രവണത ഒഴിവാക്കേണ്ടതുമാണ്.

## 1-1-9 ഇൻവെസ്റ്റ്മെന്റ്- രേഖകൾ ലഭ്യമല്ല

വാർഷികകണക്കിൽ ഇൻവെസ്റ്റ്മെന്റ് എന്ന ഹെഡിൽ 1000 രൂപ നിക്ഷേപമുണ്ട്. നിക്ഷേപത്തിന്റെ രേഖകൾ – (Share Certificate, Deposit Receipt Etc) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-1-10 ഡെപ്പോസിറ്റ് – രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

Deposit – Contractors Retension- രജിസ്റ്ററിലെ വരവ് RP 33 യുമായി പൊരുത്തപ്പെടുന്നില്ല

## 1-2 ബഡ്ജറ്റ്

30-03-2022 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1(1) പ്രകാരം 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 31.3.23 ലെഭരണ സമിതി യോഗതീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

പുതുക്കിയ ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 13090215 |
| തൻവർഷം വരവ് | 382138500 |
| ആകെ വരവ് | 395228715 |
| ചെലവ് | 390607684 |
| നീക്കിയിരിപ്പ് | 4621031 |

വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14630653 |
| വരവ് | 61259132 |
| ആകെ | 75889785 |
| ചെലവ് | 61508813 |
| നീക്കിയിരിപ്പ് | 14380972 |

ILGMS മുഖേന തയ്യാറാക്കിയ വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (ACR) | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 22077000 | 22077000 | 19245482 | 2831518 |
| വികസനഫണ്ട് - എസ്.സി.പി | 0 | 14556000 | 14556000 | 12657399 | 1898601 |
| വികസനഫണ്ട് -ടി.എസ്.പി | 0 | 350000 | 350000 | 294558 | 55442 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 20374000 | 20374000 | 18657931 | 1716069 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 8148000 | 8148000 | 6285767 | 1862233 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്- ട്രഷറി | 871284 | 0 | 871284 | 357313 | 513971 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ബേസിക് ഗ്രാന്റ്- ട്രഷറി | 205380 | ൦ | 205380 | 163621 | 41759 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് -ഗ്രാന്റ്- ബാങ്ക് | 234654 | 6186000 | 6420654 | 5138729 | 1281925 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ബേസിക് ഗ്രാന്റ്-ബാങ്ക് | 716335 | 4276837 | 4993172 | 3696236 | 1296936 |

അൺ ടൈഡ് ഗ്രാന്റ്-ബാങ്ക് വരവിൽ പലിശയും ഉൾപ്പെട്ടിട്ടുണ്ട്.

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്ര വിഹിതം | 661744 | 1317402 | 1979146 | 1170244 | 808902 |
| ശുചിത്വം | 1162885 | 0 | 1162885 | 1162885 | 0 |

തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4 | 1393340 | 1393344 | 1392820 | 524 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം (ബാങ്ക് ചാർജ് | 0 | 28606069 | 28606069 | 28606069 | 0 |
| ആകെ | 4 | 29999409 | 29999413 | 29998889 | 524 |

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് & -പലിശ | 0 | 421286 | 421286 | 416613 | 4673 |
| ഹെൽത്ത് & വെൽനസ് ഗ്രാന്റ് | 0 | 246704 | 246704 | 243883 | 2821 |
| ഐ.സി.ഡി.എസ്-സോഷ്യൽ വെൽഫെയർ | 54050 | 56000 | 110050 | 89000 | 21050 |
| ലൈഫ് | 4282491 | 1940000 | 6222491 | 1441947 | 4780544 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതികളുടെ % |
|---|---|---|---|---|
| 276 | 176705694 | 219 | 86304947 | 79 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ച് പദ്ധതിച്ചെലവുകളുടെ വിവരം

| നിർവ്വഹണ | അംഗീ | നടപ്പാ | അടങ്കൽ | ചെലവ് | ചെലവ് |
|---|---|---|---|---|---|

| ഉദ്യോഗ സ്ഥൻ | കാരം ലഭ്യമാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ക്കിയ പ്രൊജക്ടുകളുടെ എണ്ണം | | | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 5 | 8342856 | 5262705 | 63 |
| വെറ്റിനറി സർജൻ | 6 | 4 | 2165000 | 411291 | 19 |
| മെഡിക്കൽ ഓഫീസർ (PHC) | 6 | 6 | 1952515 | 1793744 | 92 |
| മെഡിക്കൽ ഓഫീസർ (Homoeo) | 2 | 2 | 625650 | 625314 | 100 |
| മെഡിക്കൽ ഓഫീസർ (ISM) | 2 | 2 | 1921511 | 1906659 | 99 |
| ഫിഷറീസ് | 1 | 1 | 246000 | 62702 | 25 |
| ICDS സൂപ്പർവൈസർ | 15 | 13 | 8664245 | 6488881 | 75 |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 58 | 41 | 20110565 | 13182957 | 66 |
| ഹെഡ്മാസ്റ്റർ (GLPS) | 8 | 8 | 2840700 | 1870814 | 66 |
| VEO | 27 | 24 | 68040827 | 11020163 | 31 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 127 | 103 | 56660207 | 40448246 | 71 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1095000 | 1059433 | 97 |
| അസിസ്റ്റന്റ് സെക്രട്ടറി | 15 | 8 | 4040618 | 2172038 | 54 |
| ആകെ | 276 | 219 | 176705694 | 86304947 | 49 |

അംഗീകാരം ലഭിച്ച പദ്ധതികളിൽ എണ്ണം 79 % നടപ്പാക്കിട്ടുണ്ട്. വകയിരുത്തിയ തുകകളിൽ 49 % ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ട് ആവിഷ്കരിക്കുന്നതിലും അംഗീകാരം നേടുന്നതിലും സമയക്രമം പാലിച്ച് പരമാവധി ഫണ്ട് വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.എൻ. ആർ.ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് | 4 | 1393340 | 1393344 | 1392820 | 524 |

| | | | | | |
|---|---|---|---|---|---|
| ചെലവ് | | | | | |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം (ബാങ്ക് ചാർജ് | | 28606069 | 28606069 | 28606069 | 0 |
| | 4 | 29999409 | 29999413 | 29998889 | 524 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 7614600 | 703 |
| വിധവാപെൻഷൻ | 16384800 | 1602 |
| വാർദ്ധക്യകാലപെൻഷൻ | 31149500 | 3061 |
| വികലാംഗപെൻഷൻ | 4007000 | 380 |
| അവിവിവാഹിത പെൻഷൻ | 1153600 | 111 |
| തൊഴിലില്ലായ്മ വേതനം | 1440 | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-23വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.9.2023 തീയ്യതിയിൽ 4.00 PMമണി സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 58281/-(അമ്പത്തെട്ടായിരത്തി ഇരുന്നൂറ്റി എൺപത്തിയൊന്ന്) രൂപയുടെ വരവിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തരനിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമാണ്. താഴെ പറയുന്ന അപാകതകൾ പരിഹരിക്കുവാനുണ്ട് .
അക്കൗണ്ടുകളുടെ പ്രതിമാസ റികൺസിലിയേഷൻ കൃത്യമായി നടത്തേണ്ടതാണ്.
സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റയുടെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. വസ്തു നികുതി പരിഷ്കരണം കൃത്യമായും സമയബന്ധിതമായും പൂർത്തീകരിക്കേണ്ടതാണ്. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഡിമാന്റ് ചെയ്യേണ്ടതാണ്.

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിക്ഷേപിച്ച തുകകളുടെ വിനിയോഗം മോണിറ്റർ ചെയ്യേണ്ടതാണ്.
തെരുവ് വിളക്കുകളുടെ കൃത്യമായ കണക്ക് തയ്യാറാക്കി അതിനെ അടിസ്ഥാനമാക്കി മാത്രം അറ്റകുറ്റപണികൾക്ക് തുക അനുവദിക്കേണ്ടതാണ്.

ഭവനം, പഠനമുറി നിർമ്മാണങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
മാലിന്യസംസ്കരണപ്ലാന്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം

കംപ്ര്രോളർ & ഓഡിറ്റർ ജനറലിന്റെ 2004-05 സാമ്പത്തിക വർഷം വരെയുള്ള ഓഡിറ്റ് 02.01.2006 മുതൽ 15.01.2006 വരെ കാലയളവിൽ പൂർത്തിയായിട്ടുണ്ട്. ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ ഇല്ല. പെർഫോമൻസ് ഓഡിറ്റ് വിഭാഗം നവംബർ 2022 വരെയുള്ള ഓഡിറ്റ് 26.12.2022 തീയതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്.

## 1-11 ഐ.എൽ.ജി.എം എസ് സോഫ്റ്റ് വെയറിലെ രസീതി ക്യാൻസലേഷൻ -അപാകതകൾ

ഐ.എൽ.ജി.എം എസ് സോഫ്റ്റ്‌വെയറിലെ രസീത് ക്യാൻസൽ ചെയ്തത് സെക്രട്ടറി അംഗീകരിച്ചിട്ടില്ല.

| രസീതി നം | തീയതി | തുക |
|---|---|---|
| 1221405623 | 07/03/2023 | 640 |

കൂടാതെ ടി തീയതിയിൽ നിരവധി രസീതുകൾ ക്യാൻസൽ ചെയ്തിട്ടുണ്ട് .ക്യാഷ് ബുക്ക് ഡേ ബുക്ക് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ വ്യത്യാസം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ക്യാഷ് ബുക്ക്--89614.00 | ഡേ ബുക്ക് -64278 | വ്യത്യാസം-25336 |

ഡേ ബുക്ക് പ്രകാരമുള്ള തുക അടവാക്കിയിട്ടുണ്ടെങ്കിലും ടി വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച എൻക്വയറിയ്ക്ക് (36/25.9.2023) മറുപടി ലഭ്യമാക്കിയതിൽ രസീതികൾ ക്യാൻസൽ ചെയ്തിട്ടുണ്ടെന്നും, എന്നാൽ വാർഷിക കണക്ക് തയ്യാറാക്കുന്ന വേളയിലാണ് ഇത്തരത്തിലുള്ള പിശക് ശ്രദ്ധയിൽപ്പെട്ടതെന്നും ആയതിനാലാണ് ക്യാൻസൽ ചെയ്യുന്നതിന് കാലതാമസം സംഭവിച്ചതെന്നുമാണ് വിശദീകരിച്ചിട്ടുള്ളത്.

ഓഡിറ്റിന്റെ നിർദ്ദേശം

ഒരു ദിവസത്തെ രസീതി ക്യാൻസൽ ചെയ്യേണ്ട സാഹചര്യം ഉണ്ടായാൽ ആ ദിവസം തന്നെ ക്യാൻസൽ ചെയ്യേണ്ടതാണ്. അത്തരത്തിൽ കൃത്യത പുലർത്തുമ്പോൾ മാത്രമേ ഡേ ബുക്കിലെ തുകകൾക്ക് സമാനമായ തുകകൾ ക്യാഷ് ബുക്കിൽ പ്രതിഫലിക്കുകയുള്ളൂ. ഇത്രയധികം തുകയുള്ള രശീതികൾ ക്യാൻസൽ ചെയ്യേണ്ട സാഹചര്യം ഭരണ തലത്തിൽ പരിശോധിക്കേണ്ടതാണ്.

### 1-11-1 രസീതികൾ വൈകി ക്യാൻസൽ ചെയ്തിരിക്കുന്നു

ഐ.എൽ.ജി.എം.എസിലെ തൻ വർഷത്തെ ക്യാൻസലേഷൻ ഓഫ് റസീപ്റ്റിൽ രസീതികൾ ക്യാൻസൽ ചെയ്യുന്നതിനായി അപേക്ഷിച്ചെങ്കിലും സെക്രട്ടറി അംഗീകരിച്ചിരിക്കുന്നത് വളരെ വൈകിയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | രസീതി നം. | തീയതി | തുക | ക്യാൻസൽ അംഗീകരിച്ച തീയതി |
|---|---|---|---|---|
| 1 | 1220000483 | 30/03/2023 | 649 | 30/07/2023 |
| 2 | 1221404646 | 21/02/2023 | 37500 | 30/07/2023 |
| 3 | 1220000484 | 31/03/2023 | 451481 | 01/08/2023 |
| 4 | 1220000497 | 30/03/2023 | 90000 | 03/08/2023 |

ഇത് സംബന്ധിച്ച എൻക്വയറിയ്ക്ക്(36/25.9.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി തുകകൾ ഡേ ബുക്കിൽ ബാങ്ക് കോളത്തിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രസീതി ക്യാൻസൽ ചെയ്തതായി കാണുന്നു.ടി രസീതി പ്രകാരമുള്ള തുകകൾ ബാങ്കിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രസീത് ക്യാൻസൽ ചെയ്തതിന് ലഭ്യമാക്കിയ വിശദീകരണത്തിൽ രണ്ടു തവണ രസീതിയായപ്പോൾ ക്യാൻസൽ ചെയ്തതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഓഡിറ്റിന്റെ നിർദ്ദേശം

ഒരു ആവശ്യത്തിനു വേണ്ടി രണ്ട് രസീതി രേഖപ്പെടുത്തുന്നത് ശരിയായ പ്രവൃത്തിയല്ല. കൂടാതെ നിരവധി രസീതുകൾ ക്യാൻസൽ ചെയ്യുന്ന പ്രവണതയും ഉചിതമല്ല. ആയത് ഭരണതലത്തിൽ പരിശോധിക്കേണ്ടതാണ്.

### 1-11-2 2023 ഏപ്രിൽ മുതൽ നാളിതുവരെയുള്ള പ്രതിമാസ റീകൺസിലിയേഷൻ നടത്തിയിട്ടില്ല

പഞ്ചായത്തിരാജ് അക്കൗണ്ട്സ് ചട്ടം 57 പ്രകാരം ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ ഓരോ മാസത്തിന്റെയും, അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറിഅക്കൗണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. എല്ലാ മാസവും 5-ാം തീയതിക്കകം അക്കൗണ്ടന്റ്, ബാങ്ക്/ട്രഷറിപൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കേണ്ടതാണ്. സെക്രട്ടറി പൊരുത്തപ്പെടുത്തൽ പത്രിക സാക്ഷ്യപെടുത്തേണ്ടതാണ്. എന്നാൽ സ്ഥാപനത്തിന്റെ 2023 ഏപ്രിൽ മുതൽ നാളിതു വരെയുള്ള റീകൺസിലിയേഷൻ നടത്തിയിട്ടില്ല. ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (നം.18/21.9.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-12-1 2022-2023 വർഷത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല

2022-2023 വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

എ)അക്ഷയ ജനസേവ കേന്ദ്രം അഞ്ചുമൂർത്തിമംഗലം

ബി) അക്ഷയ ജനസേവ കേന്ദ്രം വടക്കഞ്ചേരി

സി) കെ.എൽ.എം ആക്റ്റീവ (ഒന്നാം അർദ്ധവർഷം)

ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (5/ 17.9.2023) ലഭ്യമാക്കിയ മറുപടി പ്രകാരം മേൽ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-12-2 പോസ്റ്റ് ഓഫീസിലെ താൽക്കാലിക ജീവനക്കാർ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്റ്റ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടേയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്തിലെ പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ, പൊതുവോ, സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്.
പരുവശ്ശേരി ബ്രാഞ്ച് പോസ്റ്റ് ഓഫീസിലെ ജീവനക്കാരിൽ നിന്നും 2022-23 ൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. താൽക്കാലിക ജീവനക്കാർ ആയതിനാൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്നതാണ് ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (5/17.9.2023) നൽകിയ മറുപടി. തൊഴിലാളികളുടെ പ്രവൃത്തിദിവസങ്ങൾ പരിശോധിച്ച് വരുമാന പത്രികയിലെ അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബാധകമായ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

### 1-12-3 മെഡിക്കൽ സെന്റർ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയത് അപൂർണ്ണം.

ഡോക്ടർ റാണി, ബെന്നി എന്നിവരുടെ പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന പ്രിയ മെഡിക്കൽ സെന്റർ എന്ന സ്ഥാപനത്തിലെ സ്റ്റാഫ് നഴ്സ് , മാനേജർ, സ്വീപ്പർ എന്നീ തസ്തികയിലെ ആകെ നാല് ജീവനക്കാർ മാത്രമാണ് ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നത്. ഡോക്ടർമാർ ഉൾപ്പെടെയുള്ള മറ്റ് ജീവനക്കാരുടെ വിശദാംശങ്ങൾ സ്ഥാപനം നൽകിയിട്ടില്ല. പഞ്ചായത്ത്രാജ് നിയമപ്രകാരവും തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരവും ആവശ്യമായ നോട്ടീസ് നൽകി എല്ലാ ജീവനക്കാരുടെയും വരുമാനപത്രിക ലഭ്യമാക്കി തൊഴിൽനികുതി ഡിമാന്റ് ചെയ്യേണ്ടതാണ്.

### 1-12-4 സ്വകാര്യ സ്കൂൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതിൽ കുറവ്

സി.ബി.എസ്.ഇ യുടെ 18.10.2018ലെ അഫിലിയേഷൻ ബൈലോയിലെ വ്യവസ്ഥ 5.2.2 പ്രകാരം അധ്യാപക-അനധ്യാപക ജീവനക്കാരുടെ വേതനത്തെക്കുറിച്ച് "The Teaching And Non Teaching Staff Should Be Appointed On Pay Scales Prescribed By The Appropriate Government." എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 12.09.2011 ലെ

സർക്കാർ ഉത്തരവ് (പി) 155/2011/LBR പ്രകാരം സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകേതര ജീവനക്കാരുടെ കുറഞ്ഞ വേതനം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ശ്രീ നാരായണ പബ്ലിക് സ്കൂളിന്റെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ, മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ പ്രകാരമുള്ള വേതനമല്ല രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് കാണുന്നു.

| ക്രമ നം. | ജീവന ക്കാരുടെ പേര് | തസ്തിക | ആകെ ശമ്പളമായി രേഖപ്പെ ടുത്തിയ തുക | അടവാ ക്കിയ നികുതി | രസീതി നം |
|---|---|---|---|---|---|
| 1 | ത്രേസിക്കുട്ടി | അക്കാഡമിക് ഡയറക്ടർ | 36000 | 300 | |
| 2 | മായ | പ്രിൻസിപ്പൽ | 36000 | 300 | |
| 3 | മോളി സെബാസ്റ്റ്യാൻ | ടീച്ചർ | 36000 | 300 | |
| 4 | ജ്യോതി.കെ | ടീച്ചർ | 36000 | 300 | |
| 5 | പ്രീത കെ.ആർ | ടീച്ചർ | 36000 | 300 | |
| 6 | സുനിത കെ | ടീച്ചർ | 36000 | 300 | |
| 7 | പ്രേമലത | ടീച്ചർ | 36000 | 300 | |
| 8 | ബിനു.എ | ടീച്ചർ | 36000 | 300 | |
| 9 | വാണിശ്രീ | ടീച്ചർ | 36000 | 300 | 1220204735/ 1.9.2022 ,തുക 6900 1221404596/ 21.2.2023 തുക 6900 |
| 10 | ശ്രീലത .ബി | ടീച്ചർ | 36000 | 300 | |
| 11 | വൽസല എം. | ടീച്ചർ | 36000 | 300 | |
| 12 | ജിസ്ന രാജ് | ടീച്ചർ | 36000 | 300 | |
| 13 | സൌമ്യ .എൻ | ടീച്ചർ | 36000 | 300 | |
| 14 | പാഹി .കെ.പി | ടീച്ചർ | 36000 | 300 | |
| 15 | സുമ,എം | ടീച്ചർ | 36000 | 300 | |
| 16 | സുമ .ഒ.ജെ | ടീച്ചർ | 36000 | 300 | |
| 17 | വൽസല.വി | ടീച്ചർ | 36000 | 300 | |
| 18 | സിന്ധു ജി നായർ | ടീച്ചർ | 36000 | 300 | |
| 19 | ഷീജ എം. | ടീച്ചർ | 36000 | 300 | |
| 20 | പ്രീജിമോൾ | ടീച്ചർ | 36000 | 300 | |
| 21 | കെ.അജി | ക്ലാർക്ക് | 36000 | 300 | |
| 22 | സുപ്രിയ.കെ | ക്ലാർക്ക് | 36000 | 300 | |
| 23 | രാധകൃഷ്ണൻ | ക്ലാർക്ക് | 36000 | 300 | |

സ്ഥാപനത്തിലെ അക്കാഡമിക് ഡയറക്ടർ മുതൽ ക്ലാർക്ക് വരെയുള്ള തസ്തികയിൽ എല്ലാവർക്കും തുല്യശമ്പളം നൽകിയിരിക്കുന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (5/17.9.2023) സ്ഥാപനത്തിന് നോട്ടീസ് നൽകിയിട്ടുണ്ട് എന്നതാണ് ലഭ്യമാക്കിയ മറുപടി. ആയതിനാൽ കൃത്യമായ ശമ്പള വിവരങ്ങൾ ലഭ്യമാക്കി അത് അനുസരിച്ചുള്ള തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 വസ്തു നികുതി പരിഷ്കരണം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 203, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ അഞ്ചു വർഷത്തിലൊരിക്കൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി അവസാനമായി നിശ്ചയിച്ചത് 01.04.2013 പ്രാബല്യത്തിലാണ്. എന്നാൽ സംസ്ഥാനം അഭിമുഖീകരിച്ച പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയ കാരണങ്ങളാൽ നികുതി പുതുക്കി നിശ്ചയിക്കേണ്ടിയിരുന്ന 01.04.2018 ൽ പുതുക്കി നിശ്ചയിക്കൽ നടന്നിരുന്നില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരവും പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളോടൊപ്പം സർക്കാർ ഏൽപ്പിക്കുന്ന മറ്റ് ചുമതലകളും നിർവ്വഹിക്കേണ്ടി വരുന്നുണ്ട്. പ്രസ്തുത ചുമതലകൾ കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിലേക്ക് ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനത്തിൽ കാലാനുസൃതമായ വർദ്ധനവ് ഉണ്ടാകേണ്ടത് അനിവാര്യമാണ്. ആറാം സംസ്ഥാന ധനകാര്യ കമ്മിഷൻ അതിന്റെ രണ്ടാം റിപ്പോർട്ടിൽ വസ്തു നികുതി പരിഷ്കരണം നടത്തുന്നതിന് ശുപാർശ നൽകിയിട്ടുമുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 203, പ്രകാരം 25 ശതമാനം വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും നിലവിലെ സാഹചര്യത്തിൽ സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ച് പ്രസ്തുത വ്യവസ്ഥയിൽ ഇളവു വരുത്തി വർഷം തോറും 5% (അഞ്ചു ശതമാനം) എന്ന തോതിൽ 01.04.2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും 2023-24 മുതലുള്ള വസ്തുനികുതിനിർണ്ണയ നടപടികളും വസ്തുനികുതി നിർണ്ണയത്തിനു ശേഷം തറവിസ്തീർണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയ നടപടികളും വസ്തുനികുതിയിൽ നൽകാവുന്ന ഇളവുകളും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

01.04.2023 തീയതി മുതലുള്ള വസ്തുനികുതി പരിഷ്കരണത്തിന്റെ (സ.ഉ.(കൈ)നം.77/2023/LSGD തീയതി: 22.03.2023) നടപടിക്രമങ്ങളുടെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച പരിശോധന വിവരങ്ങളാണ് പ്രത്യേക ഖണ്ഡികയായി ചുവടെ ചേർത്തിട്ടുള്ളത്. വസ്തുനികുതി നിർണ്ണയ(സഞ്ചയ) സോഫ്റ്റ് വെയർ പ്രകാരം വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ 20വാർഡുകളിലായി 19276 കെട്ടിടങ്ങളാണ്നിലവിലുള്ളത്.

വസ്തു നികുതി പരിഷ്കരണ നിരക്കുകളും മേഖലകളും റോഡിന്റെ തരംതിരിവും പുതുക്കൽ

1.04.2023 മുതലുള്ള വസ്തു നികുതി പരിഷ്കരണ നിരക്കുകൾ, മേഖലകൾ, റോഡുകളുടെ തരംതിരിവ് എന്നിവ നടപ്പിൽ വരുത്തുന്നതിനായി പഞ്ചായത്ത് കമ്മിറ്റി ശുപാർശയോടെ 20.06.2023 തീയതി കരട് വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ആയതിന്മേൽ ആക്ഷേപങ്ങളൊന്നും ലഭിക്കാത്തതിനാൽ 26.08.2023 തീയതിയിലെ 12/1 നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് ഭരണസമിതി മുമ്പാകെ നിരക്ക് അന്തിമമാക്കുകയും ചെയ്തിട്ടുണ്ട്. ആയതു പ്രകാരം അന്തിമ വിജ്ഞാപനം 16.9.2023ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വസ്തുനികുതി പരിഷ്കരണത്തിന് സഞ്ചയ സോഫ്റ്റ് വെയറിലെ ക്രമീകരണം

01.04.2023 മുതലുള്ള വസ്തുനികുതി പരിഷ്കരണത്തിന് നാളിതുവരെയായും സഞ്ചയ സോഫ്റ്റ് വെയറിൽ ക്രമീകരണം നടത്തികൊണ്ടിരിക്കുന്നു. നിലവിൽ കെട്ടിട നമ്പർ അനുവദിക്കുന്ന കെട്ടിടങ്ങൾക്ക് മുൻനിശ്ചയിച്ച പ്രകാരമുള്ള (2013ലെ) അടിസ്ഥാന വസ്തു നികുതി നിരക്കുകളാണ് ഈടാക്കി വരുന്നത് . ഇതിൽ സഞ്ചയയിലെ എല്ലാ കെട്ടിടങ്ങൾക്കും പഴയനിരക്കിലുള്ള വസ്തുനികുതിയുടെ 5% വർദ്ധനവ് സഞ്ചയ സോഫ്റ്റ്വെയറിൽ സ്വമേധയാ ഉണ്ടായിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ്വെയറിൽ ക്രമീകരണം ചെയ്ത് നൽകുന്ന മുറയ്ക്ക് നിലവിൽ 2023-24 മുതൽ കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങൾക്ക് കെട്ടിട നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്.

ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ നിയമനം

വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ(സിവിൽ എഞ്ചിനീയറിങ്ങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ, എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണ്. വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി അതത് തദ്ദേശസ്വയംഭരണ സ്ഥാപന തീരുമാനത്തിന് വിധേയമായി കെട്ടിട നമ്പറിന് പരമാവധി 30 രൂപ ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കാവുന്നതാണ്. ഓരോ കെട്ടിടവും പരിശോധന നടത്തുന്നതിനൊപ്പം അതിന്റെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിലേക്ക് പരിശോധന നടത്തുന്നവർ തന്നെ ഡാറ്റാ എൻട്രി നടത്തി ചേർക്കേണ്ടതാണ്.

വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട

വിവരശേഖരണം ആരംഭിച്ചിട്ടില്ല.

സോഫ്റ്റ്‌വെയർ അപ്ഡേഷൻ - ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തികരണം

ഡാറ്റ പ്യൂരിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ട്.

കെട്ടിട ഉടമകൾ സ്വമേധയ തയ്യറാക്കി നൽകിയ 9 B ഫോമുകളുടെ എണ്ണം --8

1.4.2023 ന് മുൻമ്പ് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി വിവരങ്ങൾ(ഫോം 6)വസ്തു നികുതി പരിഷ്ക്കരണത്തിനു മുൻപുള്ളതും,ശേഷമുള്ളതും, പ്രത്യേകമായി സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമാകുന്നുണ്ട്.

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (സ.ഉ.(കൈ)നം.77/2023/LSGD തീയതി: 22.03.2023) പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്ക്കരണനടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14 വസ്തു നികുതി പിരിവിലെ അപാകതകൾ

തൻ വർഷത്തെ ഗ്രാമ പഞ്ചായത്തിന്റെ ന്യൂ ബിൽഡിങ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയർ, പ്ലാൻ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-14-1 കെട്ടിടങ്ങളുടെ എണ്ണം വ്യത്യാസപ്പെട്ടിരിക്കുന്നു

തൻ വർഷത്തെ പുതിയ കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമാവുന്ന സഞ്ചയ സോഫ്റ്റ്‌വെയറിലെ ന്യൂ ബിൽഡിങ് രജിസ്റ്റർ, സ്ഥാപനം സൂക്ഷിക്കുന്ന ന്യൂ ബിൽഡിങ് രജിസ്റ്റർ എന്നിവയിൽ കെട്ടിടങ്ങളുടെ എണ്ണം വ്യത്യാസപ്പെട്ടിരിക്കുന്നു.

| | കെട്ടിടങ്ങളുടെ എണ്ണം |
|---|---|
| സോഫ്റ്റ്‌വെയറിലെ ന്യൂ ബിൽഡിങ് രജിസ്റ്റർ | 676 |
| ന്യൂ ബിൽഡിങ് രജിസ്റ്റർ പ്രകാരം | 385 |

ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (19/21.9.2023 )മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്റ്റർ, സഞ്ചയിലെ ന്യൂ ബിൽഡിങ് രജിസ്റ്റർ എന്നിവ പൊരുത്തപ്പെടുന്നില്ല. പ്രസ്തുത രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

1-14-2 മൊബൈൽ ടവറിന്റെ നികുതി അടവാക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡിമാൻഡ്, കളക്ഷൻ, ബാലൻസ് എന്നിവ പരിശോധിച്ചതിൽ 12/381 കെട്ടിട നമ്പറിൽ പ്രവർത്തിക്കുന്ന റിയലൻസ് റീടെയിൽ ലിമിറ്റഡ് ചന്ദ്രിക ചേയ്ംബേഴ്സ് എസ്.എ.റോഡ് വൈറ്റില, കൊച്ചി എന്ന സ്ഥാപനത്തിന്റെ മൊബൈൽ ടവറിന്റെ 2018 രണ്ടാം അർദ്ധവർഷം മുതൽ നാളിതു വരെയുള്ള നികുതിയായ 55817/- രൂപ അടവാക്കിയതായി കാണുന്നില്ല.

പ്രസ്തുത ടവറിനെതിരെ റിക്കവറി നടപടികൾ സ്വീകരിച്ചതായി ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (19/21.9.2023)മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ തുടർ നടപടികളിലൂടെ തുക ഈടാക്കി അടവാക്കിയ ശേഷം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14-3 കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് ഭേദഗതി പ്രകാരമുള്ള സർചാർജ്

ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് സർചാർജ് നിലവിൽ ഈടാക്കുന്നില്ല എന്ന മറുപടിയാണ് ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (2/15.9.2023) നൽകിയിട്ടുള്ളത്. കേരള പഞ്ചായത്ത്‌രാജ് വസ്തുനികുതി ചട്ടം30 പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെട്ട കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്ക് വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിൽപ്പോലും കേന്ദ്ര സർക്കാർ കെട്ടിടങ്ങൾക്ക് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ ഡ്രെയ്നേജ് എന്നീ സേവനങ്ങൾക്ക് സർചാർജ് ഈടാക്കാവുന്നതാണ്. ഇത് സംബന്ധിച്ച സാധ്യത പരിശോധിക്കാവുന്നതാണ്.

1-14-4 സഞ്ചയ സോഫ്റ്റ് വെയറിലെ വിസ്തീർണ്ണം ന്യൂ ബിൽഡിങ് രജിസ്റ്ററിലെ വിസ്തീർണ്ണം ,പ്ലാൻ വിസ്തീർണ്ണം എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു

തൻ വർഷത്തെ ഗ്രാമ പഞ്ചായത്തിന്റെ ന്യൂ ബിൽഡിങ് രജിസ്റ്റർ , സഞ്ചയ സോഫ്റ്റ്‌വെയർ, പ്ലാൻ എന്നിവ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം വ്യത്യാസപ്പെട്ടിരിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമ | പെർമിറ്റ് നം | ഉപയോഗ ക്രമം | വിസ്തീർണ്ണം | | | സഞ്ചയ പ്രകാരമുള്ള നികുതി |
|---|---|---|---|---|---|---|---|---|
| | | | | | രജിസ്റ്റർ | സഞ്ചയ | പ്ലാൻ പ്രകാരം തറവിസ്തീർണ്ണം | |
| 1 | 16/293 | അൻസമ്മ ജോൺ, പ്രധാനി | A3/279316 /20/24.07.2020 | പാർപ്പിടം | 191.22 | 103.3 | Extened Area GF =16.85 FF=71.48 | BT-712(ARV) Lc-36 750 |
| 2 | 14/2543 | ബിജി മത്തായി കുനപ്പിള്ളിയിൽ വീട്, ഗ്രാമം റോഡ് , പുളിമ്പറമ്പ്, വടക്കഞ്ചേരി | A3/R.91/21 Dt.22.12.2021 | പാർപ്പിടം | 171.93 | 160.7 | ഫയൽ ലഭ്യമല്ല. | BT-845 Lc-43 888 |
| 3 | 4/1006 | വരുൺ ശേഖർ, ഇളവം പാടം | A3-BA(1450302)21 Dt.13.7.2021 | പാർപ്പിടം | 131.27 | Not Found Data | 105.01 | -- |
| 4. | 17/739 | ഷോബി തുറക്കൽ ജോസഫ് | | ഗോഡൌൺ | 42.87 | 28.52 ച. മീ | 34.29 | BT=50x28.5=1426 (ഇളവ്=10% വർദ്ധനവ് =20%)1648 LC=83 =1731 |
| 5 | 9/1003 | ഷെറീന എ, കടാംകോട്, വള്ളിയോട്, അഞ്ചുമൂർത്തി മംഗലം | REGA3/53/22 Dt.4.1.2022 | പാർപ്പിടം | 116.68 ച | 52.8 | ഫയൽ ലഭ്യമല്ല | BT=264 ഇളവ്=10% വർദ്ധനവ് =20%)26)=306 LC=16=322 |
| 6 | 16/202 | സുകുമാരൻ | A3/R-120/22 Dt.5.2.2022 | പാർപ്പിടം | 112 | താഴത്തെ നില-112.04ച.മീ താഴത്തെ നില - 52.04 ച. മീ | 89.63 Extension Area 41.63 | (ARV) BT=560.6 (വർദ്ധനവ് പരിമിതി= 10) =176 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | LC=9<br>185 |
| 7 | 3/764 | രവീന്ദ്രൻ. എ<br>വൈഷ്ണവി,<br>കറ്റകോട്,<br>വടക്കഞ്ചേരി | A3/39/21<br>Dt.1.7.2021 | പാർപ്പിടം | 171.57ച.മീ | 83.86 ച. മീ | 155.39 | BT=5x83.86=418<br>(ഇളവ് =10%)=397<br>LC=20<br>417 |

ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് ( 19/21.9.2023)മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റിന്റെ നിർദ്ദേശം

1. കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാനിന്റെ അടിസ്ഥാനത്തിൽ ,രജിസ്റ്റർ സഞ്ചയ സോഫ്റ്റ് വെയറിൽ തറവിസ്തീർണ്ണം എന്നിവ തയ്യാറാക്കേണ്ടതാണ്.

2. പുതിയതായി പെർമിറ്റ് എടുക്കുകയും, ന്യൂ ബിൽഡിങ് രജിസ്റ്ററിൽ ഉൾപ്പെടുകയും ചെയ്ത കെട്ടിടങ്ങൾക്ക് സഞ്ചയ പ്രകാരം ARV അടിസ്ഥാനത്തിൽ വസ്തു നികുതി ക്രമപ്പെടുത്തിയത് ശരിയായ നടപടിയല്ല. പുതിയതായി പെർമിറ്റ് എടുത്ത കെട്ടിങ്ങൾക്ക് തറ വിസ്തീർണ്ണത്തിനെ അടിസ്ഥാനപ്പെടുത്തി നികുതി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സഞ്ചയ സോഫ്റ്റ് വെയറിൽ സ്വീകരിക്കേണ്ടതാണ്.

3.കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാനിന്റെ അടിസ്ഥാനത്തിൽ സഞ്ചയ സോഫ്റ്റ്വെയറിൽ തറവിസ്തീർണ്ണം നൽകേണ്ടതും പ്രസ്തുത വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി വസ്തു നികുതി നിർണ്ണയിക്കേണ്ടതുമാണ്.

4 . ക്രമ നം (3) ശ്രീ. വരുൺ ശേഖർ, ഇളവം പാടം 4/1006എന്നിവർക്ക് പെർമിറ്റ് കെട്ടിട നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച വിവരങ്ങൾ സഞ്ചയയിൽ ലഭ്യമല്ല.

5. ഘടന പരമായ മാറ്റം വരുത്തിയ കെട്ടിടങ്ങൾക്ക് പുതിയ കെട്ടിടമായി പരിഗണിച്ച് കൂട്ടിച്ചേർത്ത ഭാഗത്തിന് പുതിയ ചട്ടപ്രകാരമുള്ള നികുതി ഈടാക്കേണ്ടതാണ്.

## 1-15 വിനോദ നികുതി പിരിവിലെ അപാകതകൾ

31.8.2019ലെ തദ്ദേശ സ്വയംഭരണ ആർ.ഡി വകുപ്പിന്റെ സ.ഉ(കൈ) 112/2019ഉത്തരവ് പ്രകാരം സിനിമ തിയേറ്ററുകൾക്ക് വിനോദ നികുതി ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതു പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% നികുതിയും, 100രൂപയിൽ കൂടുതൽ ഉള്ള ടിക്കറ്റുകൾക്ക് 8.5% നികുതിയും ഈടാക്കണമെന്നും, ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 3 തീയതിയ്ക്കുള്ളിൽ പിരിച്ച നികുതി തദ്ദേശ സ്വയം ഭരണസ്ഥാപനത്തിൽ അടവാക്കണമെന്നും ഉത്തരവായിട്ടുണ്ട്.

വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെ.എ.എം മൂവിസിന്റെ വിനോദ നികുതി ഈടാക്കിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.സ്ഥാപനത്തിന്റെ ചരക്ക് സേവനനികുതി (ജി.എസ്.ടി റിട്ടേൺ പ്രകാരമുള്ള കളക്ഷൻ)അടവാക്കിയ വിവരങ്ങൾ ലഭ്യമല്ല.

2.സ്ഥാപനം സമർപ്പിച്ച രേഖകളിൽ ജി.എസ്.ടി രജിസ്ട്രേഷൻ നേടിയ വിവരങ്ങൾ ലഭ്യമല്ല.

മേൽ രേഖകൾ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (നം.3/15.9.2023) ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനത്തിന്റെ ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയിട്ടുണ്ട്. ഇത് പ്രകാരം ജി.എസ്.ടി രജിസ് ട്രേഷൻ നമ്പർ(32AALFK0817A1ZZ) ലഭിച്ചത് 14.8.2023 നാണ്. ഇതിൽ നിന്നും സ്ഥാപനം നാളിതുവരെ ജി.എസ്.ടി റിട്ടേൺ സമർപ്പിച്ചിട്ടില്ല എന്ന് വ്യക്തമാണ്. തിയേറ്ററുകൾക്ക് നിയമാനുസൃത ജി.എസ്.ടി രജിസ്ട്രേഷൻ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും പ്രതിമാസം സ്ഥാപനം അടവാക്കുന്ന ജി.എസ്.ടി റിട്ടേണിന്റെ അടിസ്ഥാനത്തിൽ മേൽ പരാമർശിച്ച ഉത്തരവ് പ്രകാരമുള്ള വിനോദനികുതി ഈടാക്കേണ്ടതുമാണ്.

## 1-15-1 വിനോദ നികുതി ഡിമാന്റ് ചെയ്യുന്നതിൽ കാലതാമസം

31.8.2019ലെ തദ്ദേശ സ്വയംഭരണ ആർ.ഡി വകുപ്പിന്റെ സ.ഉ(കൈ) 112/2019ഉത്തരവ് പ്രകാരം സിനിമ തിയേറ്ററുകൾക്ക് വിനോദ നികുതി ഈടാക്കണമെന്ന് നിഷ്കർഷിക്കുന്നു. ആയതു പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% നികുതിയും, 100രൂപയിൽ കൂടുതൽ ഉള്ള ടിക്കറ്റുകൾക്ക് 8.5% നികുതിയും ഈടാക്കണമെന്നും, ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 3 തീയതിയ്ക്കുള്ളിൽ,

പിരിച്ച നികുതി തദ്ദേശ സ്വയം ഭരണസ്ഥാപനത്തിൽ അടവാക്കണമെന്നും ഉത്തരവായിട്ടുണ്ട്.

വടക്കഞ്ചേരി ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെ.എ.എം മൂവിസിന്റെ വിനോദ നികുതി അടവാക്കിയതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

2022-23 വർഷത്തെ വിനോദ നികുതി ഉൾപ്പെടെ (1.4.2022 മുതൽ 31.5.2023 വരെയുള്ള) വരെയുള്ള ആകെ വിനോദനികുതി തുക 36992/- രൂപ 5.7.2023 തീയതിയിൽ 1231403130 രസീതിയിൽ അടവാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ ഖണ്ഡികയിൽ പരാമർശിച്ച ഉത്തരവ് പ്രകാരം തൊട്ടടുത്ത മാസം 3-ാം തീയതിയ്ക്ക് അടവാക്കേണ്ട തുക വൈകിയാണ് അടവാക്കിയത്.

ഇത് സംബന്ധിച്ച എൻക്വയറിയ്ക്ക് ലഭ്യമാക്കിയ (3/15.9.2023) മറുപടിയിൽ ഇപ്രകാരം സംഭവിച്ചത് അറിവില്ലായ്മ മൂലമാണെന്നും ഭാവിയിൽ തുക കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. വിനോദനികുതി സമയബന്ധിതമായി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 ബസ് സ്റ്റാൻഡ് പ്രവർത്തിക്കുന്നുണ്ടെങ്കിലും വരവ് ലഭ്യമായിട്ടില്ല

ഒരു ഗ്രാമപഞ്ചായത്തിലെ പൊതുവായ ഇറക്കുസ്ഥലമോ വിരാമ സ്ഥലമോ വണ്ടിത്താവളമോ മറ്റു വാഹന സ്റ്റാൻഡോ ഉപയോഗിക്കുന്നതിന് 1995-ലെ കേരള പഞ്ചായത്ത് രാജ് ( ഇറക്കു സ്ഥലങ്ങൾ , വിരാമസ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റു വാഹന സ്റ്റാൻഡുകൾ) ചട്ടം 9 പ്രകാരം ഉപയോക്താക്കളിൽ നിന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഫീസ് പിരിക്കേണ്ടതാണ്. ഇപ്രകാരം ഫീസ് പിരിക്കുന്നതിനുള്ള അവകാശം ചട്ടം 20 പ്രകാരം പൊതുലേലം വഴി കൈമാറ്റം ചെയ്യാവുന്നതാണ്. ഏതെങ്കിലും കാരണവശാൽ ലേല പ്രകാരം വിൽക്കുന്നത് അസാധ്യമാണെന്ന് കാണുന്ന സംഗതികളിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് ( ഇറക്കു സ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റു വാഹന സ്റ്റാൻഡുകൾ) ചട്ടം 21 പ്രകാരം ഗ്രാമപഞ്ചായത്തിന് നേരിട്ട് ഫീസ് പിരിക്കുവാൻ ഏർപ്പാടുകൾ ചെയ്യാവുന്നതാണ്.

പൊതുവിരാമസ്ഥലമോ വണ്ടിത്താവളമോ ഉപയോഗിക്കുന്നതിന് ഫീസ് താഴെപ്പറയുന്നതിൽ കൂടുതലല്ലാത്ത നിരക്കിൽ ചുമത്താവുന്നതാണ്.

| | ഒരു സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ 24 മണിക്കൂറിൽ അധികമാകാത്ത സമയത്തേക്ക് ചുമത്താവുന്ന ഏറ്റവും കൂടിയ ഫീസ് (രൂപ) | സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 24 മണിക്കൂറിൽ അധികമാമാകാത്ത സമയത്തേക്ക് ചുമത്താവുന്ന ഏറ്റവും കൂടിയ ഫീസ് (രൂപ) |
|---|---|---|
| ഓട്ടോറിക്ഷ | 2 | 3 |
| ബസ്, ലോറി എന്നിവയ്ക്ക് ഓരോന്നിനും | 6 | 10 |
| മിനി ബസ്,ടെമ്പോ, മിനി ലോറി എന്നീ വാഹനങ്ങൾ ഓരോന്നിനും | 4 | 8 |

വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ ലേലം വരവിനങ്ങളുടെ പരിശോധനയിൽ ഗ്രാമപഞ്ചായത്തിൽ ബസ് സ്റ്റാൻഡ് നിലവിലുള്ളതായി ബോദ്ധ്യപ്പെട്ടു. ചട്ടം 20 പ്രകാരം ഫീസ് പിരിക്കുന്നതിനുള്ള അവകാശം പൊതുലേലം വഴി കൈമാറ്റം ചെയ്യപ്പെടുകയോ ചട്ടം 21 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നേരിട്ട് ഫീസ് പിരിക്കുവാൻ ഏർപ്പാടുകൾ നടത്തുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.



വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ബഹുദൂര സർവീസുകൾ ഒഴികെ മറ്റു ബസ്സുകൾ സ്റ്റാൻഡിൽ പാർക്ക് ചെയ്യുന്നതിനായും ചരക്ക് വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുമായി ഇന്ദിര പ്രിയദർശിനി എന്ന പേരിൽ ബസ് സ്റ്റാൻഡ് നിലവിലുണ്ട്. ഇന്ദിര പ്രിയദർശിനി ബസ് സ്റ്റാൻഡിന്റെ 2023-24 വർഷത്തേയ്ക്കുള്ള ഫീസ് പിരിക്കുന്നതിനുള്ള അവകാശത്തിനായി 14-3-2023 ന് നടന്ന ലേലത്തിൽ ആരും പങ്കെടുത്തിട്ടില്ല. 2018-19 വർഷത്തിൽ 3,70000/- രൂപയ്ക്കാണ് ഈ ഇനത്തിൽ അവസാനമായി ലേലം കൈകൊണ്ടിട്ടുള്ളത്. അതിന് ശേഷം നാളിതുവരെ ലേലവും പുനർലേലവും ക്ഷണിച്ചെങ്കിലും ആരും തന്നെ പങ്കെടുത്തിട്ടില്ലായെന്ന് സെക്രട്ടറി ലേലം രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നേരിട്ടുള്ള സ്ഥലപരിശോധനയിൽ ബസ് സ്റ്റാൻഡ് പ്രവർത്തിക്കുന്നതായി ബോദ്ധ്യപ്പെട്ടു. എന്നാൽ 2022-23 വാർഷിക ധനകാര്യ പത്രിക പ്രകാരം ഈ ഇനത്തിൽ വരവൊന്നും ലഭ്യമായിട്ടില്ല കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/21.09.2023) മറുപടി ലഭ്യമാക്കിട്ടില്ല.

ബസ് സ്റ്റാന്റ് പ്രവർത്തിക്കുന്നതിനാൽ പുനർലേലം ചെയ്യുകയോ നേരിട്ട് ഫീസ് പിരിക്കുകയോ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ബസ് സ്റ്റാന്റ് ഫീസ് പിരിവിനത്തിലെ വരുമാനം നഷ്ടം ഉണ്ടാവാതിരിക്കുവാൻ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. ഭരണസമിതി തീരുമാന സഹിതം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16-1 പഞ്ചായത്ത് കംഫർട്ട് സ്റ്റേഷൻ - അനധികൃതമായി സ്വകാര്യവ്യക്തി യൂസർഫീ പിരിക്കുന്നു



ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഇന്ദിര പ്രിയദർശിനി ബസ് സ്റ്റാന്റിൽ നിർമ്മിച്ചിട്ടുള്ള കംഫർട്ട് സ്റ്റേഷനിൽ യൂസർഫീ പിരിക്കുന്നതായി പൊതുലേലം നടപടികളിലൂടെ പ്രസ്തുത കെട്ടിടത്തിന്റെ നടത്തിപ്പവകാശം സെക്രട്ടറിയിൽ നിന്ന് ലേലം കൊള്ളുന്നവർക്ക് ഒരു വർഷത്തിൽ കവിയാത്ത കാലയളവിലേക്ക് നൽകുന്ന രീതിയാണ് നിലവിലുള്ളത്. അവസാനമായി ലേലം കൈകൊണ്ടിട്ടുള്ളത് 2018-19 വർഷത്തിൽ 1,16400 രൂപയ്ക്കാണ്. 2018-19 ന് ശേഷം ഓരോ വർഷവും ലേലവും പുനർലേലവും ക്ഷണിച്ചിട്ടുണ്ടെങ്കിലും ആരും തന്നെ ലേലത്തിൽ പങ്കെടുത്തിട്ടില്ലായെന്ന് സെക്രട്ടറി ലേലം രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അവസാനമായി പൊതുലേല നടപടികൾ നടത്തിയ 14-3-2023 നും ആരും തന്നെ പങ്കെടുത്തിട്ടില്ല. എന്നാൽ നിലവിൽ കംഫർട്ട് സ്റ്റേഷൻ പ്രവർത്തിക്കുന്നതായും അനധികൃതമായി യൂസർഫീ പിരിക്കുന്നതായും സ്ഥലം നേരിട്ട് സന്ദർശിച്ചതിൽ ബോദ്ധ്യപ്പെട്ടു. 2022-23 വാർഷിക ധനകാര്യ പത്രിക പ്രകാരം ഈ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് വരവൊന്നും ലഭ്യമായിട്ടുമില്ല. ലേല നടപടികളിലൂടെ ആരും തന്നെ പ്രസ്തുത കംഫർട്ട് സ്റ്റേഷന്റെ നടത്തിപ്പവകാശം ഏറ്റെടുക്കുകയോ പഞ്ചായത്ത് നേരിട്ട് ഫീസ് പിരിവ് നടത്തുകയോ ചെയ്തിട്ടില്ല എങ്കിലും ഒരു സ്വകാര്യവ്യക്തി കംഫർട്ട് സ്റ്റേഷന്റെ യൂസർഫീ പിരിക്കുന്നുണ്ട്. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

അന്വേഷണത്തിന് (20/21.09.2023) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ ആസ്തികൾ അനധികൃതമായി സ്വകാര്യവ്യക്തി ഉപയുക്തമാക്കുന്നതിനെതിരെ നടപടി സ്വീകരിക്കേണ്ടതും ലേലം നടത്തി നടത്തിപ്പുചുമതല നിയമാനുസൃതം കൈമാറുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-17 ലൈസൻസ് രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-17-1 ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 -ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ(പി)നം.80/2017/തസ്വഭവ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ചട്ടങ്ങളിലെ പട്ടിക II പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് നിരക്കുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിഭാഗം | മേഖല | മൂലധന നിക്ഷേപം | ഈടാക്കാവുന്ന പരമാവധി വാർഷിക ലൈസൻസ് ഫീ (രൂപയിൽ) |
|---|---|---|---|---|
| 1 | മൈക്രോ എന്റർപ്രൈസസ് | ഉൽപാദന മേഖല | 25 ലക്ഷം രൂപയിൽ കൂടാത്തത് | 500 |
| | | സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടാത്തത് | |
| 2 | മിനി എന്റർപ്രൈസസ് | ഉൽപാദന മേഖല | 25 ലക്ഷം രൂപയിൽ കൂടുതലും ഒരു കോടിയിൽ രൂപയിൽ കൂടാത്തതും | 1000 |
| | | സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ കൂടാത്തതും | |
| 3 | സ്മാൾ എന്റർപ്രൈസസ് | ഉൽപാദന മേഖല | ഒരു കോടി രൂപയിൽ കൂടുതലും 5 കോടിയിൽ | 5000 |

| | | | | |
|---|---|---|---|---|
| | | | രൂപയിൽ കൂടാത്തതും | |
| | | സേവന മേഖല | 50 ലക്ഷം രൂപയിൽ കൂടുതലും 2 കോടി രൂപയിൽ കൂടാത്തതും | |
| 4 | മീഡിയം എന്റർപ്രൈസസ് | ഉൽപാദന മേഖല | 5 കോടി രൂപയിൽ കൂടുതലും 10 കോടി രൂപയിൽ കൂടാത്തതും | |
| | | സേവന മേഖല | 2 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ കൂടാത്തതും | 10000 |
| 5 | ലാർജ് എന്റർപ്രൈസസ് | ഉൽപാദന മേഖല | 10 കോടി രൂപയിൽ കൂടുതൽ | 15000 |
| | | സേവന മേഖല | 5 കോടി രൂപയിൽ കൂടുതൽ | |

മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫീസ് ഈടാക്കുന്നതിലെ കൃത്യത പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

- 2017 ൽ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി അനുസരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപേക്ഷാ ഫോം വിതരണം ചെയ്തിട്ടുണ്ടെങ്കിലും ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ ഇൻവെസ്റ്റ്മെന്റ് എത്രയാണെന്നോ ഉള്ള അടിസ്ഥാന വിവരം എല്ലാ ലൈസൻസ് അപേക്ഷകളിലും ലൈസൻസ് രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ലൈസൻസ് രജിസ്റ്റർ ക്രമ നമ്പർ | കെട്ടിട നം | സ്ഥാപനം | ഈടാക്കിയ ലൈസൻസ് ഫീ |
|---|---|---|---|
| 5 | 9/915 | കേരള ഹോട്ട് ചിപ്സ് | 500 |

| | | | |
|---|---|---|---|
| 6 | 9/4 | കേരള കൂൾ ഡ്രിംഗ്സ് | 500 |
| 16 | 6/48 | കൃഷ്ണ സ്റ്റോർ | 100 |
| 34 | 14/48 | രാജ് സ്റ്റോർ | 200 |
| 80 | 14/720 | ലാൻഡ് മാർക്ക് ഷോപ്പ് ഇൻഡ്യ | 5000 |
| 87 | 12/1599 | ഫ്രഷ്& മോർ സൂപ്പർ മാർക്കറ്റ് | 4000 |
| 319 | 14/701 | ജെ.ബി ഇലക്ട്രിക്കൽസ് | 300 |

ഇത്തരത്തിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകരിൽ നിന്ന് എന്ത് അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കുന്നതെന്ന് വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (08/19.09.2023) മറുപടിയായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസ് ചട്ടങ്ങളിലെ പട്ടിക II പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17-2 സ്ഥാപനത്തിൽ നിന്ന് ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 7 പട്ടിക II പ്രകാരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീസിലും കുറവ് ലൈസൻസ് ഫീസ് ചുവടെ ചേർത്തിട്ടുള്ള സ്ഥാപനത്തിൽ നിന്ന് ഈടാക്കി. വിശദാംശം ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്റർ ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | മൂലധന നിക്ഷേപം (PCB സർട്ടിഫിക്കറ്റ് പ്രകാരം) ലക്ഷത്തിൽ | ഈടാക്കാവുന്ന പരമാവധി ഫീസ് | ഈടാക്കിയ ലൈസൻസ് ഫീസ് | കുറവ് |
|---|---|---|---|---|---|
| 107 | ഹോട്ടൽ ധ്യാന ബാർ | 97.11 | 5000 | 4000 | 1000 |

കുറവ് ഫീസ് ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (08/19.09.2023) മറുപടിയായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
ലൈസൻസ് ചട്ടങ്ങളിലെ പട്ടിക II പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-18 ഹോമിയോ ഡിസ്പെൻസറി- മരുന്ന് ലഭ്യമായിട്ടില്ല

പദ്ധതിയുടെ പേര് - ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നും അനുബന്ധസാമഗ്രികളും വാങ്ങൽ

പദ്ധതി നമ്പർ - 190/23

അടങ്കൽ - 575650/-(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

ചെലവ് തുക– 575650/-

ചെലവ് വിശദാംശങ്ങൾ

| ക്രമ നമ്പർ | ബിൽ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 01/2022-23 | 18/10/2022 | 500000 |
| 2 | 06/2022-23 | 19/12/2022 | 75650 |

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ പദ്ധതി പ്രകാരം 575650/-രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുള്ളതാണ്. നാളിതുവരെ 250667/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. പദ്ധതി പ്രകാരമുള്ള ബാക്കി മരുന്ന് ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/19.09.2023) മരുന്നുകൾ ലഭിക്കുന്നതിന് ഹോംകോ മാനേജിങ്ങ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 എസ്സ്.സി. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 253, എസ്സ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണം |
| അടങ്കൽ തുക | 250000 വികസനഫണ്ട് - എസ്സ്.സി.പി |
| ചെലവ് തുക | 245000 |
| ബിൽ നമ്പർ / തിയതി | 6/29.03.23 - 245000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

എസ്സ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകി മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനായിട്ടാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട് ആർട്ട്കോയിൽ നിന്ന് ഇൻവോയ്സ് നമ്പർ - PKD-544,തീയതി-27.03.23 പ്രകാരം 50 Steel Chair Cushion Seat With Arm, 50 Steel Study Table Made Of Prelaminated Particle Board With One Draw & Cupboard Size എന്നിവ വാങ്ങിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

1) സ.ഉ.(കൈ)നം.115/2022/തസ്വ.ഭ.വ തീയതി 28.05.22 ലെ ഖണ്ഡിക നം - 7.2.6 പ്രകാരം പഠനോപകരണങ്ങൾ സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരം സ്കൂൾ അധികൃതർ മുഖേനയാണ് വിതരണം ചെയ്യേണ്ടത്. ഈ നിബന്ധന പാലിച്ചിട്ടില്ല.

2) മറ്റു വകുപ്പുകളിൽ നിന്ന് ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) വിതരണ രജിസ്റ്റർ പ്രകാരം ആകെ 50 വീതം ടേബിളും ചെയറും വാങ്ങിയതിൽ 32 എണ്ണം വീതം ടേബിളും ചെയറും മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്.

മുഴുവൻ പഠനോപകരണങ്ങളും വിതരണം ചെയ്യാത്തതിനാൽ വിതരണം ചെയ്യാത്ത 18 ചെയറുകളുടെ നികുതി ഒഴികെയുള്ള ചെലവുതുകയും (962 X 18 - 17316 ), 18 ടേബിളുകളുടെ നികുതി ഒഴികെയുള്ള ചെലവുതുകയും ( 3190 X18 - 57420) ഉൾപ്പെടെ ആകെ 74736 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 10/19.09.23) മറുപടി ലഭ്യമായില്ല.

ഓഡിറ്റ് നിർദ്ദേശം

മുഴുവൻ പഠനോപകരണങ്ങളും വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. പദ്ധതികളുടെ നിർവ്വഹണം നടത്തുമ്പോൾ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. പദ്ധതി പ്രവർത്തനം കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഓഡിറ്റ് നിർദ്ദേശം പാലിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-20 എസ്സ്.സി വയോജനങ്ങൾക്ക് കട്ടിൽ - മുഴുവൻ കട്ടിലുകളും വിതരണം ചെയ്തില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 256, എസ്സ്.സി വയോജനങ്ങൾക്ക് കട്ടിൽ |
| അടങ്കൽ തുക | 380418<br>വികസനഫണ്ട് - എസ്സ്.സി.പി |
| ചെലവ് തുക | 188860 |
| ബിൽ നമ്പർ /തിയതി | 7/29.03.23 - 188860 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

എസ്സ്.സി വയോജനങ്ങൾക്ക് കട്ടിൽ നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയുടെ നിർവ്വഹണത്തിനായി 07.12.22ലെ 1(10)-ാം നമ്പർ തീരുമാനപ്രകാരം 110 പേരുടെ ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട് ഇ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച് P. G. Enterprices എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം - 49 തീയതി- 27.03.23 പ്രകാരം 70 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്.

വിതരണപത്രിക പരിശോധിച്ചതിൽ 62 കട്ടിലുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളതായി കാണുന്നത്. ബാക്കിയുള്ള 8 കട്ടിലുകൾ വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം - 11/19.9.23) മറുപടി ലഭ്യമായില്ല.

മുഴുവൻ കട്ടിലുകളും വിതരണം ചെയ്യാത്തതിനാൽ വിതരണം ചെയ്യാത്ത 8 കട്ടിലുകളുടെ ചെലവുതുക 21584 രൂപ ( 2698 X 8 ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

വിതരണം ചെയ്യാത്ത കട്ടിലുകൾ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് നിർദ്ദേശം പാലിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-21 എസ്.സി, എസ്.ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - വിദ്യാർത്ഥികളുടെ അർഹത നിർണ്ണയിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ, പേര് | 262, ബിരുദം ബിരുദാനന്തരബിരുദം Polytechnic, പ്രൊഫഷണൽ ബിരുദം എന്നിവക്കു പഠിക്കുന്ന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് | 254, ബിരുദം ബിരുദാനന്തരബിരുദം Polytechnic, പ്രൊഫഷണൽ ബിരുദം എന്നിവക്കു പഠിക്കുന്ന എസ്സ്.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് |
| അടങ്കൽ തുക | 127000<br>വികസനഫണ്ട്- ടി.എസ്.പി | 724270<br>വികസനഫണ്ട്- എസ്. സി.പി |
| ചെലവ് തുക | 62980 | 566820 |
| ബിൽ നമ്പർ / | 4/16.03.23 | 3/16.03.23 |

| തിയതി | | |
|---|---|---|

എസ്.സി , എസ്സ്.ടി. വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പഠനനിലവാരം ഉറപ്പുവരുത്തുന്നതിന് 2022-23 വർഷത്തിൽ മേൽ സൂചിപ്പിച്ച പ്രകാരം 2 പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

പ്രൊജക്ട് നമ്പർ 262/23 നായി 07.12.22 ലെ 1(15)-ാം നമ്പർ തീരുമാനം പ്രകാരം 2 പേരുടെയും പ്രൊജക്ട് നമ്പർ 254/23 നായി 07.12.22 ലെ 1(8)-ാം നമ്പർ തീരുമാനപ്രകാരം 62 പേരുടെയും ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്.

GeM പോർട്ടൽ മുഖേനയാണ് ലാപ്പ്ടോപ്പുകൾ വാങ്ങിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ പറയുന്നു. ആയതിന് Adcom Systems ന്റെ അക്കൗണ്ട് നമ്പറിലേക്ക് (നം-5115256000001 ) 62980 രൂപയും 566820 രൂപയും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് . ആകെ 20 ലാപ്പ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്.

| ഇൻവോയ്സ് നം /തീയതി | ലാപ്പ്ടോപ്പുകളുടെ എണ്ണം |
|---|---|
| 199/10.03.23 | 18 |
| 200/16.03.23 | 2 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി

1). താഴെ പറയുന്ന സ്വകാര്യ കോളേജുകളിൽ പഠിക്കുന്ന 6 വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് അനുവദിച്ചിട്ടുണ്ട്.

| പേര് | പഠിക്കുന്ന സ്ഥാപനം |
|---|---|
| മേഘ. വി | കോ ഓപ്പ്റേറ്റീവ് കോളേജ്, ആലത്തൂർ |
| അശ്വാൻ.കെ | കോ ഓപ്പ്റേറ്റീവ് കോളേജ്, ആലത്തൂർ |
| സുബി.പി.വി | കോ ഓപ്പ്റേറ്റീവ് കോളേജ്, ആലത്തൂർ |
| വിദ്യ. എസ് | കോ ഓപ്പ്റേറ്റീവ് കോളേജ്, ആലത്തൂർ |
| മായ.എം | എ.ഇ.എസ് കോളേജ്. ഫോർ വിമൻ, വടക്കഞ്ചേരി |
| സന്ദൂപ്.ആർ | കോ ഓപ്പ്റേറ്റീവ് കോളേജ്, ആലത്തൂർ |

പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 115/2022 തീയതി 28.05.22 ഖണ്ഡിക 7.2.7 പ്രകാരം ബിരുദം, ബിരുദാനന്തരബിരുദം, പോളിടെക്നിക്ക് ഡിപ്ലോമ, എഞ്ചിനീയറിംഗ് അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, മെഡിക്കൽ കമ്പ്യൂട്ടർ സയൻസ് (ഡിപ്ളോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ, എയ്ഡഡ്, സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാലാ അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകാവുന്നതാണ്.

മേൽ പരാമർശിച്ചിട്ടുള്ള വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനങ്ങളുടെ സാക്ഷ്യപത്രത്തിൽ യൂണിവേഴ്സിറ്റി അഫിലിയേഷൻ ഉള്ളതായി രേഖപ്പെടുത്തിയിട്ടില്ല. മേൽ സ്ഥാപനങ്ങൾക്ക് യൂണിവേഴ്സിറ്റി അഫിലിയേഷൻ ഉണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. ഉണ്ടെങ്കിൽ അഫിലിയേഷൻ രേഖകൾ ലഭ്യമാക്കേണ്ടതാണ്. അഫിലിയേഷൻ രേഖകളുടെ അഭാവത്തിൽ വിദ്യാർത്ഥികൾ സർവ്വകലാശാല തലത്തിലോ/സർക്കാർ തലത്തിലെ അംഗീകരിച്ച കോഴ്സുകളിൽ ലാപ്ടോപ്പ് കൈപ്പറ്റിയ ശേഷം പരീക്ഷ എഴുതിയതിന്റെ ഹാൾ ടിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

2). താഴെ പറയുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനത്തിന്റെ രേഖകൾ , കോഴ്സിന്റെ വിശദാംശം എന്നിവ ഹാജരാക്കിയിട്ടില്ല .

1).കാവ്യാമാധവൻ, ഒറക്കുന്നങ്കാട്, അഞ്ചുമൂർത്തിമംഗലം

2).അനന്യ, ഗാന്ധിസ്മാരക സ്കൂളിനു സമീപം, അഞ്ചുമൂർത്തിമംഗലം

3).സൗമ്യ.എസ്, കാളംകുളം ഹൗസ്, വടക്കഞ്ചേരി

വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനങ്ങളുടെ യൂണിവേഴ്സിറ്റി അഫിലിയേഷൻ രേഖകളോ അല്ലെങ്കിൽ വിദ്യാർത്ഥികൾ സർവകലാശാലാതലത്തിലോ/സർക്കാർ തലത്തിലോ അംഗീകരിച്ച കോഴ്സുകളിൽ ലാപ്ടോപ്പ് കൈപ്പറ്റിയ ശേഷം പരീക്ഷ എഴുതിയതിന്റെ ഹാൾ ടിക്കറ്റോ ഹാജരാക്കാത്തതിനാൽ അവ ഹാജരാക്കുന്നതു വരെ 9 വിദ്യാർത്ഥികൾക്ക് അനുവദിച്ച ലാപ്പ്ടോപ്പിന്റെ ചെലവ് തുക 240174 രൂപ – (26686x9 -240174 – ജി.എസ്.ടി ഒഴികെയുള്ള തുക ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ( ഓഡിറ്റ് അന്വേഷണം – 12/19.09.23)

സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത കാര്യങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനുമുമ്പായി സർക്കാരിൽ നിന്നും പ്രത്യേകാനുമതി ലഭ്യമാക്കിയതിന്റെ രേഖകളും ലഭ്യമാക്കിയതായി കാണുന്നില്ല.
ഉചിതമായ രേഖകൾ ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

1-22 പട്ടികവർഗ്ഗവിഭാഗക്കാർക്ക് മിശ്രവിവാഹധനസഹായം -അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 261, പട്ടികവർഗ്ഗവിഭാഗക്കാർക്ക് മിശ്രവിവാഹധനസഹായം |
| അടങ്കൽ തുക | 75000 വികസനഫണ്ട്- ടി.എസ്.പി |
| ചെലവ് തുക | 75000 |
| ബിൽ നമ്പർ / തിയതി | 2/14.03.23 |

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടതും മിശ്രവിവാഹിതരുമായ പെൺകുട്ടികളുടെ വിവാഹശേഷം രക്ഷാകർത്താവിന് ധനസഹായം നല്കുന്നതിനായി 2022-23 വർഷത്തിൽ പദ്ധതി ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടുണ്ട്.

ശ്രീമതി സജിത. പി ക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. സജിതയുടെ അക്കൗണ്ടിലേക്ക് (നം - 61120201000 4408) 75000 രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള വിവാഹസർട്ടിഫിക്കറ്റിൽ വിവാഹതീയതി 10.07.2017 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിവാഹധനസഹായത്തിന് അപേക്ഷിച്ചിട്ടുള്ള തീയതി 30.11.22 ആണ്. വിവാഹം കഴിഞ്ഞ് 5 വർഷത്തിനുശേഷമാണ് വിവാഹധനസഹായത്തിന് അപേക്ഷിച്ചിട്ടുള്ളത്.

സ. ഉ (കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.22 പ്രകാരമുള്ള പതിനാലാം പഞ്ചവത്സരപദ്ധതി- സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7,2.2 പ്രകാരം വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനു ശേഷമാണ് ധനസഹായത്തിന് അപേക്ഷ നൽകേണ്ടത് എന്നു പരാമർശിക്കുന്നുണ്ട്.
2017-18 വർഷത്തേക്കുള്ള സബ്സിഡി മാർഗരേഖ സ.ഉ(എം.എസ്).80/2017/lsgd/ 3.4.17 ഖണ്ഡിക 11-5 (2) പ്രകാരം മിശ്രവിവാഹിതർക്ക് അനുവദനീയമായ ധനസഹായം 50000രൂപയാണ്. കൂടാതെ വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകം അപേക്ഷ സമർപ്പിക്കണം എന്നും വ്യവസ്ഥയുണ്ടായിരുന്നു.

2017 വർഷത്തിലെ വിവാഹത്തിന് മുൻവർഷങ്ങളിൽ ധനസഹായം ലഭ്യമായിട്ടുണ്ടോ എന്നും സാമൂഹ്യക്ഷേമവകുപ്പ് ഉൾപ്പെടെ മറ്റ് വകുപ്പുകളിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ എന്നും പരിശോധിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 13/20.09.23) മറുപടി ലഭ്യമായില്ല.

പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-23 പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവരുടെ വീട് അറ്റകുറ്റപ്പണി - വാല്യുവേഷൻ സർട്ടിഫിക്കറ്റില്ലാതെ ധനസഹായം അനുവദിച്ചു

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 264, പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവരുടെ വീട് അറ്റകുറ്റപ്പണി |
| നിർവഹണം | അസി.സെക്രട്ടറി |
| അടങ്കൽ തുക | 300000, ബ്ളോക്ക് വിഹിതം |
| ചെലവ് തുക | 137000 |
| ബിൽ നമ്പർ / തിയതി | 5/16.03.23 – 75000<br>8/29.03.23 - 62000 |

പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവരുടെ വീട് അറ്റകുറ്റപ്പണി നടത്തുന്നതിനായി ആവിഷ്കരിച്ച നടപ്പിലാക്കിയ . പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കമ്മറ്റിയുടെ 07.12.22 ലെ 1(17) ാം നമ്പർ തീരുമാനപ്രകാരം 2 ഗുണഭോക്താക്കളെ അംഗീകരിച്ചിട്ടുണ്ട്.

ശ്രീമതി അമ്മിണി , പൂവ്വത്താനത്തിൽ വീട് , രക്കൻകുളം, അഞ്ചുമൂർത്തി എന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് 137000 രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് .

സ. ഉ (കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.22 പ്രകാരമുള്ള പതിനാലാം പഞ്ചവത്സരപദ്ധതി- സബ്സിഡി,

ധനസഹായം, അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6.7.4 പ്രകാരം ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി ഓവർസിയർ സാക്ഷ്യപ്പെടുത്തണം എന്നും ഖണ്ഡിക 2-9 പ്രകാരം മൂല്യനിർണ്ണയം എങ്ങനെയെന്ന് പ്രത്യേകം പരാമർശിക്കാത്തതും മാനദണ്ഡങ്ങൾ പ്രകാരം മൂല്യനിർണ്ണയം ആവശ്യമായി വരുന്നതുമായ വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള വാല്യുവേഷൻ എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ ഓവർസിയർ അനുവദിക്കണമെന്നും പരാമർശിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിൽ മേൽ പരാമർശിച്ച നിബന്ധനകൾ പാലിച്ചിട്ടില്ല. എസ്റ്റിമേറ്റ് , വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം- 14/20.09.23) മറുപടി ലഭ്യമായില്ല.

വാല്വേഷൻ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 137000 രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 അംഗനവാടികളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ - GeM ൽ നിന്നും വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പർ, പേര് | 148, വിവിധ അംഗനവാടികളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ |
| അടങ്കൽ തുക | 100000 (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) |
| ചെലവ് തുക | 99710 |
| ബിൽ നമ്പർ / തിയതി | 27/20.01.22 |

അങ്കണവാടികളിലേക്ക് ഫർണ്ണീച്ചർ വാങ്ങുന്നതിനായി ആവിഷ്കരിച്ച നടപ്പിലാക്കിയ പദ്ധതിയുമായി ബന്ധപ്പെട്ട് സിഡ്കോയിൽ നിന്നും ഇൻവോയ്സ് നം -PKD/22-23/79 /18.01.2023 പ്രകാരം 130 Plastic Arm Chair ( Nilkamal) വാങ്ങിയിട്ടുണ്ട്. സിഡ്കോ മാർക്കറ്റിങ്ങിലേക്ക് ( അക്കൗണ്ട് നമ്പർ - 10281696192) തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രസ്തുത പ്ലാസ്റ്റിക് ചെയർ സിഡ്കോ നിർമ്മിക്കുന്നതല്ല. നീൽകമൽ എന്ന ബ്രാന്റിന്റെയാണ്. സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങാവുന്നത് സിഡ്കോ നിർമ്മിക്കുന്ന ഇനങ്ങൾ മാത്രമാണ്.

ജി.ഒ(പി)നം.7/19/SPD തി.26-04-2019 പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങൾ GeM (ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ്) പോർട്ടലിൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങണമെന്നത് നിർബന്ധമാക്കുകയും സ്റ്റോർസ് പർച്ചേസ് മാന്വലിൽ ഭേദഗതിവരുത്തുകയും ചെയ്തിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാതിരുന്നാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിട്ടുള്ള മറ്റ് മാർഗ്ഗങ്ങളിലൂടെ ( ക്വട്ടേഷൻ, ടെണ്ടർ മുതലായവ ) ആയത് വാങ്ങാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

കസേരകൾ GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിക്കാതെ സിഡ്കോയിൽ നിന്നും വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം - 23 /23.09.23) ഐ.സി.ഡി.എസ് തസ്തികയിൽ തുടക്കക്കാരിയായതിനാൽ ജോലിയിലുള്ള അനുഭവപരിചയം ഇല്ലായ്മയും കൃത്യമായ നിർദ്ദേശങ്ങൾ ലഭ്യമല്ലാതിരുന്നതിനാലും Product GeM ൽ ലഭ്യമാണോ എന്നു പരിശോധിക്കാതെ സിഡ്കോയിൽ നിന്നും പർച്ചേസ് ചെയ്തു എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ച് മാത്രം വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 കോക്ളിയർ ഇംപ്ളാന്റേഷൻ - ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കണം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 217, കോക്ളിയർ ഇംപ്ളാന്റേഷൻ |
| അടങ്കൽ തുക | 100000(വികസനഫണ്ട്-ജനറൽ) |
| ചെലവ് തുക | 50000 |
| ബിൽ നമ്പർ / തിയതി | 42/28.03.23 |

ഗ്രാമപഞ്ചായത്തിലെ കോക്ളിയാർ ഇംപ്ളാന്റ് കഴിഞ്ഞ കുട്ടികൾക്ക് വാർഷിക ചികിത്സാധനസഹായം അനുവദിക്കുന്നതിനായി ആവിഷ്കരിച്ച നടപ്പിലാക്കിയ മേൽ പരാമർശിച്ച പദ്ധതി പ്രകാരം ശ്രീനന്ദൻ എം, രാജു നിവാസ്, നായർത്തറ വടക്കഞ്ചേരി എന്ന കുട്ടിക്ക് കോക്ളിയർ ഇംപ്ളാന്റേഷൻ നടത്തുന്നതുമായി ബന്ധപ്പെട്ട് തുക കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ അക്കൗണ്ടിലേക്ക് ( നം - 70101400000134) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് .ചികിത്സാപദ്ധതി പൂർത്തിയാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതും തുക വിനിയോഗിച്ചതിന്റെ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതുമാണ്. ( ഓഡിറ്റ് അന്വേഷണം - 24/23.09.23)

1-26 ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

വി ഇ ഒ നടപ്പാക്കിയ വിവിധ ഭവന നിർമ്മാണ പദ്ധതികളുടെ പുരോഗതി പരിശോധിച്ചു. 2018 മുതൽ 2022 വരെയുള്ള കാലയളവിൽ 172 ഗുണഭോക്താക്കൾ എഗ്രിമെന്റ് ചെയ്തതിൽ 165 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2022-23 വർഷത്തിൽ എഗ്രിമെന്റ് ചെയ്ത 37 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പുരോഗമിക്കുന്നു.

2022-23 വർഷത്തിൽ ഭവന നിർമ്മാണത്തിനായി പുതിയതും സ്പിൽ ഓവറും ഉൾപ്പടെ 7 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ധനസഹായം കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | നല്കാനുള്ള തുക |
|---|---|---|---|
| 1. | സുധസന്തോഷ് കുമാർ, രക്കൻകുളം, അഞ്ചുമൂർത്തിമംഗലം | 380000 | 20000 |
| 2 | ലതികഹരിദാസ്, വടക്കേത്തറ കോളനി, അഞ്ചുമൂർത്തിമംഗലം | 360000 | 40000 |
| 3 | ഷാജിതമുഹമ്മദ്ഹനീഫ, അർഫാമൻസിൽ, ആര്യംകടവ് | 360000 | 40000 |
| 4 | ബിന്ദുമോൾവാസുദേവൻ, പടന്നാംപറമ്പ് | 360000 | 40000 |
| 5 | വിജയകുമാരിഗണേഷ്ജോസഫ്, ചെമ്പകച്ചോല, അഞ്ചുമൂർത്തിമംഗലം | 300000 | 100000 |
| 6 | പ്യാരിജാൻഷൗക്കത്തലി, പഴയചന്തപ്പുര, വടക്കഞ്ചേരി | 40000 | 360000 |
| 7 | സജിതജയൻ, കുറുവായ്, കണക്കൻതുരുത്തി | 40000 | 360000 |

ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം- 38/25.09.23) പ്യാരിജാൻഷൗക്കത്തലി, സജിതജയൻ എന്നീ ഗുണഭോക്താക്കൾ നാളിതുവരെ പ്രവർത്തി ആരംഭിച്ചിട്ടില്ല എന്നും ബാക്കിയുള്ള ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പുരോഗമിക്കുന്നുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കി

ഓഡിറ്റ് നിർദ്ദേശം

നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും കൈപ്പറ്റിയ തുക കരാർ പ്രകാരം തിരികെ

ഈടാക്കേണ്ടതും മറ്റ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ തുടർനടപടിവിവരം അറിയിക്കേണ്ടതുമാണ്.

1-27 ഒ.ഡി. എഫ് ഗ്യാപ്പ് ഫില്ലിങ്ങ് - ടോയ് ലറ്റ് നിർമ്മാണം പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 60, ഒ.ഡിഎഫ് ഗ്യാപ്പ് ഫില്ലിങ്ങ് (സ്പിൽ ഓവർ) |
| അടങ്കൽ തുക | 458000 (കേന്ദ്രാവിഷ്കൃത ഫണ്ട്- 288000+ തനതുഫണ്ട് - 170000) |
| ചെലവ് തുക | 447800 (കേന്ദ്രാവിഷ്കൃത ഫണ്ട്- 288000+ തനതുഫണ്ട് - 159800) |
| റിക്വിസിഷൻ നമ്പർ തിയതി | 508840090122002/06.06.22 – 61200<br>508840090220010/11.07.22 – 40800<br>5088400902220014/26.07.22 – 13600<br>5088400902220017/20.09.22 – 23800<br>5088400902220023/09.12.22- 13600<br>5088400902220031/07.03.23- 6800<br><br>5088400902220015/27.07.22- 12000<br>5088400902220013/26.07.22- 24000<br>5088400902220011/11.07.22- 48000<br>5088400902220003/10.06.22-180000<br>5088400902220022/20.10.22 – 24000 |

2022-23 സാമ്പത്തിക വർഷത്തിൽ വി ഇ ഒ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഒ.ഡിഎഫ് ഗ്യാപ്പ് ഫില്ലിങ്ങ് ( പ്രൊജക്റ്റ് നമ്പർ – 60) പദ്ധതിയിലെ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ടോയ് ലറ്റ് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ( ഒരു ഗുണഭോക്താവിന് 15400 രൂപയാണ് വകയിരുത്തിയിട്ടുള്ളത്)

| ക്രമ നം. | പേര്, മേൽവിലാസം | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ബഷീർഇബ്രാഹിം, കമ്മാന്തറ, വടക്കഞ്ചേരി | 12000 |
| 2 | രാമൻകുട്ടി, വാവുള്ളിയൻകാട്, അഞ്ചുമൂർത്തിമംഗലം | 12000 |
| 3 | തങ്കംഅജിത്, പാഞ്ഞാംപറമ്പ് | 12000 |

ഗുണഭോക്താക്കൾ ടോയ് ലറ്റ് നിർമ്മാണം പൂർത്തിയാക്കിയതിന്റെ തുടർനടപടിവിവരം അറിയിക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം- 39/25.09.23) പ്രവൃത്തി പുരോഗമിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1-28 വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കൽ- എസ്സ്.സി- ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 245, വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കൽ –എസ്സ്.സി |
| അടങ്കൽ തുക | 1500000 ( വികസനഫണ്ട് - എസ്. സി.പി) |
| ചെലവ് തുക | 1227500 |
| ബിൽ നമ്പർ / തിയതി | 34/ 09.03.23 – 375000<br>39/21`.03.23 – 290000 |

| | | |
|---|---|---|
| | | 40/21.03.23 – 460000<br>42/ 28.03.23 – 37500<br>44/28.03.23 - 65000 |

വി ഇ ഒ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽപ്പറഞ്ഞ പദ്ധതിയിലെ താഴെപ്പറയുന്ന ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കൽ പദ്ധതിക്കുള്ള ധനസഹായമായ 75000 രൂപയിൽ 65000 രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും പ്രവൃത്തി നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമ നം | പേര്, മേൽവിലാസം ശാരദ | കൈപ്പറ്റിയതുക |
|---|---|---|
| 1 | സുമതി വേലായുധൻ, ചെക്കിണി, പരുവാശ്ശേരി | 65000 |
| 2 | ദേവി W/o ചന്ദ്രൻ, ചോഴിയങ്കാട് | 65000 |
| 3 | അനിൽകുമാർ, പാരിയോട്, തെക്കേത്തറ, | 65000 |

ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 26/23.09.23) മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം നിലവിൽ പുരോഗമിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-29 ലക്ഷം വീട്- ഇരട്ടവീട് - ഒറ്റവീടാക്കൽ - ജനറൽ - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 318,<br>ലക്ഷം വീട്- ഇരട്ടവീട് - ഒറ്റവീടാക്കൽ - ജനറൽ |
| അടങ്കൽ തുക | 800000(വികസനഫണ്ട് -ജനറൽ 100000 +ബ്ളോക്ക്ഷെയർ- 700000) |
| ചെലവ് തുക | 100000 |
| ബിൽ നമ്പർ / തിയതി | 43/28.03.23 |

വി ഇ ഒ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽപ്പറഞ്ഞ സ്പിൽഓവർ പദ്ധതിയിലെ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണ പദ്ധതിക്കുള്ള ധനസഹായമായ 400000 രൂപയിൽ 200000 രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും പ്രവൃത്തി നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമ നം | പേര്, മേൽവിലാസം | കൈപ്പറ്റിയതുക |
|---|---|---|
| 1 | റുഖിയ W/o സെയ്തുമുഹമ്മദ്, ചോഴിയംകാട്, | 200000 |
| 2 | അലി S/o സെയ്തുമുഹമ്മദ്, ചോഴിയംകാട് | 200000 |

ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ തുടർനടപടികളുടെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 25/23.09.23) നിലവിൽ ലിന്റൽ പൂർത്തീകരിച്ച് ഭവനനിർമ്മാണം പുരോഗമിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1-30 ലക്ഷം വീട്- ഇരട്ടവീട് - ഒറ്റവീടാക്കൽ - പട്ടികജാതി - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രൊജക്ട് | 316, ലക്ഷം വീട്- ഇരട്ടവീട് - |

| | |
|---|---|
| നമ്പർ, പേര് | ഒറ്റവീടാക്കൽ - പട്ടികജാതി |
| അടങ്കൽ തുക | 800000 (വികസനഫണ്ട് -ജനറൽ 100000 +ബ്ളോക്ക്ഷെയർ- 700000) |
| ചെലവ് തുക | 300000 (വികസനഫണ്ട് -ജനറൽ 50000 +ബ്ളോക്ക്ഷെയർ- 250000) |
| ബിൽ നമ്പർ / തിയതി | 3/16.02..23 - 40000<br>10/10.03.23 – 160000<br>13/24.03.23 - 50000<br>14/24.03.23 - 50000 |

വി ഇ ഒ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽപ്പറഞ്ഞ പദ്ധതിയിലെ താഴെപ്പറയുന്ന ഗുണഭോക്താവ് ഭവനനിർമ്മാണ പദ്ധതിക്കുള്ള ധനസഹായമായ 400000 രൂപയിൽ 300000 രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും പ്രവൃത്തി നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമ നം | പേര്, മേൽവിലാസം | കൈപ്പറ്റിയതുക |
|---|---|---|
| 1 | ഓമനശെൽവരാജ്, ചോഴിയംകാട്, അഞ്ചുമൂർത്തിമംഗലം | 300000 |

ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ തുടർനടപടികളുടെ വിവരം അറിയിക്കാൻ

ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 37/25.09.23) നിലവിൽ മെയിൻ വാർപ്പും തേപ്പുപണിയും പൂർത്തീകരിച്ച് ഭവനനിർമ്മാണം പുരോഗമിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-31 അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 ഓഡിറ്റിനോടനുബന്ധിച്ച് അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുകയുണ്ടായി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഭൗതിക സാഹചര്യം | എണ്ണം |
|---|---|---|
| 1 | ആകെ അങ്കണവാടികളുടെ എണ്ണം | 32 |
| 2 | സ്വന്തം കെട്ടിടമുള്ളവ | 20 |
| 3 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 12 |
| 4 | കെട്ടിടത്തിന്റെ തരം<br>1. കോൺക്രീറ്റ്<br>2. ഓടിട്ടത്<br>3. ഷീറ്റിട്ടത്<br>4. ഓലമേഞ്ഞത് | സ്വന്തം - 19<br>വാടക – 2<br>Nil<br>Nil |
| 5 | സ്വന്തം സ്ഥലമോ കെട്ടിടമോ ഇല്ലാത്തവ | സ്വന്തം സ്ഥലം ഇല്ലാത്തത് - -10<br>സ്വന്തം കെട്ടിടം ഇല്ലാത്തത് - 12 |
| 6 | ചുറ്റുമതിൽ ഇല്ലാത്തവ | വാടക - 9 |

| | | |
|---|---|---|
| 7 | വൈദ്യുതി കണക്ഷൻ ഇല്ലാത്തവ | Nil |
| 8 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | Nil |
| 9 | വയറിങ്ങ് കഴിഞ്ഞിട്ടും വൈദ്യുതീകരിക്കാത്തത് | Nil |
| 10 | ധാന്യസംഭരണി ഇല്ലാത്തവ | Nil |
| 11 | കളിപ്പാട്ടങ്ങൾ ഇല്ലാത്തവ | Nil |
| 12 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവ | Nil |
| 13 | ടോയ് ലെറ്റ് ഇല്ലാത്തവ<br>ബേബി ഫ്രന്റ്‌ലി ടോയ്‌ലെറ്റ് ഇല്ലാത്തവ | Nil<br>32 |
| 14 | ഫാൻ ഇല്ലാത്തവ | 1 |
| 15 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | Nil |

2022-2023 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 അനുസരിച്ച് ഐ.സി.ഡി.എസ്.ന കീഴിലുള്ള പദ്ധതികൾക്കായി 808902 /- രൂപ കേന്ദ്ര വിഹിതം ചെലവഴിക്കാൻ ബാക്കിയുണ്ട്. സർക്കുലർ നമ്പർ 39033/ഡി.സി.2/2/ത.സ്വ.ഭ.വ തിയതി 3-9-2010 പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശമുണ്ട്. കേന്ദ്ര വിഹിതത്തിലെ നീക്കിയിരിപ്പിൽ നിന്നുള്ള തുക ഉപയോഗിച്ച് അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം – 27/23.09.23)

### 1-32 വെറ്ററിനറി ആശുപത്രി- കമ്പ്യൂട്ടറും മറ്റനുബന്ധ ഉപകരണങ്ങളും ലഭ്യമായിട്ടില്ല

വെറ്ററിനറി ഓഫീസിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനു വേണ്ടി വെറ്ററിനറി സർജൻ താഴെ പറയും പ്രകാരം ചെലവുകൾ നടത്തിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0194/23 |
| അടങ്കൽ | 65000/- (റോഡിതരം) |
| ചെലവ് | 64635/- |
| ബിൽ നം/ തീയതി | 02/23, 22.02.2023,<br>64635/- |

മേൽ പ്രൊജക്ട് പ്രകാരം CPRCS മുഖേന വെറ്ററിനറി ആശുപത്രി ഓഫീസിലേക്ക് കമ്പ്യൂട്ടർ , അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി 64635രൂപ ട്രഷറിയിൽ നിന്നും കെൽട്രോണിന്റെ അക്കൌണ്ടിലേക്ക് ( A/C No: 799011400003959) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്( Work Order Ref No: 44763, 16.01.2023). എന്നാൽ ഓഡിറ്റ് തീയതി വരെയും കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും ലഭ്യമായിട്ടില്ല. ഇവ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 16/20.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

### 1-33 മരാമത്ത് പ്രവർത്തികൾ - പൊതു അപാകതകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിൽ പദ്ധതികൾ രൂപീകരിക്കുന്നത് സംബന്ധിച്ച് 19.4.22 ലെ സ.ഉ.(കൈ) നം.84/2022/ ത.സ്വ.ഭ.വ നമ്പർ മാർഗ്ഗരേഖയിൽ വിശദീകരിക്കുന്നുണ്ട്.

മാർഗ്ഗരേഖയിലെ ഖണ്ഡിക 3.1.2 സി പ്രകാരം പദ്ധതി രൂപീകരിക്കുന്നതിന് മുന്നോടിയായി അവസ്ഥാ രേഖ തയ്യാറാക്കേണ്ടതുണ്ട്. 26/11/2021 ലെ സ.ഉ.(കൈ) നം.275/2021/ത.സ്വ.ഭ.വ ഉത്തരവിലെ നിർദ്ദേശ പ്രകാരമാണ് അവസ്ഥാരേഖ തയ്യാറാക്കേണ്ടത്. ഗ്രാമ പഞ്ചായത്തിലെ അവസ്ഥാരേഖ പരിശോധിച്ചതിൽ പൊതുമരാമത്ത് മേഖലയിൽ പദ്ധതികൾ രൂപീകരിക്കുമ്പോൾ ആ മേഖലയിലെ അവസ്ഥ വിശകലനം ചെയ്തതായി കാണുന്നില്ല. റോഡുകളെയും മറ്റ് മരാമത്ത് സംവിധാനങ്ങളെയും പരിശോധനയ്ക്ക് വിധേയമാക്കാതെയാണ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്.

അവസ്ഥാരേഖ തയ്യാറാക്കുമ്പോൾ കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി 25 വർഷത്തിനുള്ളിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ ഉൾപ്പെടെ വ്യക്തമായ സ്ഥിതി വിവര കണക്കുകളുടെ അടിസ്ഥാനത്തിൽ അവസ്ഥാ വിശകലനം നടത്തി മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, പരിഹാര സാധ്യതകൾ എന്നിവ ഉൾപ്പെടുത്തി വിശദമായ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയാണ് വർക്കിംഗ് ഗ്രൂപ്പ് പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടത്. എന്നാൽ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ അവസ്ഥാ റിപ്പോർട്ടിൽ പൊതുമരാമത്ത് മേഖല സംബന്ധിച്ച് സമഗ്രമായ പഠനം നടത്തിയിട്ടില്ല. യഥാർത്ഥ ആവശ്യകതയ്ക്കനുസരിച്ചല്ല പദ്ധതികൾ രൂപീകരിച്ചിട്ടുള്ളത്. മാലിന്യ നിർമ്മാർജനത്തിന് നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ പര്യാപ്തമല്ലെങ്കിലും ഇതിനായി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടില്ല. സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പെടെ 127 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയതിൽ 103 പ്രവൃത്തികൾ നടപ്പിലാക്കിയെങ്കിലും വകയിരുത്തിയ തുകയുടെ 71 %. മാത്രമാണ് ചെലവ് .

സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8 (1) പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കേണ്ടതാണ് എന്ന് നിർദേശിച്ചിട്ടുണ്ട്. ഇപ്രകാരം ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല

ആസ്തികളുടെ ഡിജറ്റലൈസേഷനും റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്ന പദ്ധതിയും പൂർത്തിയായിട്ടില്ല, റോഡ് പ്രവൃത്തികൾ - പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ - ജി.ഒ (എം.എസ്) 84&86/2022/ത.സ്വ.ഭ.വ/19.04.22 പ്രകാരമുള്ള ഡ്രെയ്നേജ് പ്ലാനും തയ്യാറാക്കുവാൻ ശ്രമിക്കേണ്ടതാണ്,

മോണിറ്ററിംഗ്

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച സർക്കാരിന്റെ 19-04-2022 തീയതിയിലെ സ.ഉ.(കൈ)നം. 84/2022 /തസ്വഭവ ഉത്തരവിലെ ഖണ്ഡിക നമ്പർ 14(4) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിറ്ററിംഗ് സംവിധാനത്തിന് പുറമെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധത്തിലുള്ള മോണിറ്ററിംഗ് സംവിധാനം കൂടി നടപ്പിലാക്കണമെന്നും തുടക്കമെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആകെ പ്രോജക്ടുകളുടെ ഒരു ശതമാനമെങ്കിലും തെരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗുണനിലവാര പരിശോധനക്ക് വിധേയമാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആസൂത്രണ മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 12.2(8) പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പ് വരുത്തുന്നതിന് ഓരോ പ്രവൃത്തിക്ക് വേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കണമെന്നും ഈ സമിതികൾ ഗുണഭോക്തൃ സമിതികളുടെ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ മാതൃകയിലായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതു പ്രകാരം ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പൊതുമരാമത്ത് പ്രോജക്ടുകൾ ഗുണനിലവാര പരിശോധനക്കും മോണിറ്ററിംഗിനും വിധേയമാക്കേണ്ടതാണ്.

1-34 ടേക്ക് എ ബ്രേക്ക് - പ്രവർത്തനക്ഷമമാക്കണം

സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ.(കൈ) 45/ 2020/ ത.സ.ഭ.വ, തീയതി, 06/03/2020 എന്നിവ പ്രകാരം കേരള സർക്കാരിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്ത് സ്ഥാപിക്കേണ്ടതുണ്ട്. റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്കായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സൗകര്യങ്ങളോട്ടു കൂടിയ പൊതുശുചി മുറികളും ലൈറ്റ് റിഫ്രെഷ്മെന്റ് സൗകര്യങ്ങളും ഒരുക്കി പാതയോര വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം സ്ഥാപിക്കുന്നതിനായി വടക്കഞ്ചേരി ചെറുപുഷ്പം സ്കൂളിന് എതിർവശത്ത് ബസ്ഷെൽറ്ററിനോട് ചേർന്ന് കെട്ടിടനിർമ്മാണം

പൂർത്തിയാക്കിയിട്ടുണ്ട്. 2020-21ൽ ആരംഭിച്ച് 2022 ൽ പൂർത്തീകരിച്ച കെട്ടിടത്തിൽ നിലവിൽ പ്രവർത്തനം ആരംഭിച്ചതായി കാണുന്നില്ല. ബസ് ഷെൽട്ടറിൽ തന്നെ മുൻപ് നിർമ്മിച്ചതും ഉപയോഗിക്കപ്പെടാതെ അവശേഷിക്കുന്നതുമായ ഇ ടോയ്ലെറ്റും നിലനിൽക്കുന്നുണ്ട്.

മാർഗ്ഗരേഖ പ്രകാരം തദ്ദേശ ഭരണ സ്ഥാപന പരിധിയിലുള്ള കുടുംബശ്രീ മിഷൻ യൂണിറ്റുകൾക്കാണ് ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന്റെ നടത്തിപ്പ് പരിപാലന ചുമതല നൽകേണ്ടത്. ഇപ്രകാരം ചുമതല നൽകി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറിക്ക് 21/23.9.23 മറുപടിയായി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.)

## 1-35 സമയപരിധിക്കകം എഗ്രിമെന്റ് വയ്ക്കുന്നില്ല

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാർ തുകയുടെ 1% പിഴ ഈടാക്കി കരാർ ഉടമ്പടി വയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. സമയബന്ധിതമായി കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ സമയപരിധിക്കകം കരാർ വച്ചിട്ടില്ല

1. സി.എച്ച്.സി നായർത്തറ റോഡ് റീടാറിംഗ് - 59/22, 28/23

PAC -350000

ഭരണസമിതി തീരുമാനം -20.11.21

സെലക്ഷൻ നോട്ടീസ് തിയതി -24.11.21

കരാർ - 41/ AE/ 14.12.21

കരാറുകാരൻ - ശ്രീ, വി എം നൈസാം
ഈടാക്കേണ്ടിയിരുന്ന പിഴ- 3500

14.12.21 ന് സൈറ്റ് ഹാൻഡ് ഓവർ ചെയ്തെങ്കിലും അളവ് പുസ്തകം 40/21-22 പ്രകാരം 17.3.22 മുതൽ 16.6.22 വരെയാണ് പ്രവൃത്തി നടത്തിയത്. സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് 10 ദിവസത്തിനകം പ്രവൃത്തി ആരംഭിക്കണം എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

2. കുന്നേങ്കാട് തറ റോഡ് റീടാറിംഗ് -58/22

PAC -300000

ഭരണസമിതി തീരുമാനം -20.11.21

സെലക്ഷൻ നോട്ടീസ് തിയതി -24.11.21

കരാർ - 40/ AE/ 14.12.21

കരാറുകാരൻ - ശ്രീ, വി എം നൈസാം
ഈടാക്കേണ്ടിയിരുന്ന പിഴ- 3000

3.ആയുർവേദാശുപത്രി നവീകരണം (111/21

PAC -300000

ഭരണസമിതി തീരുമാനം -22.1.22

സെലക്ഷൻ നോട്ടീസ് തിയതി -28.1.22

കരാർ - 69/ AE/ 15.2.22

കരാറുകാരൻ - ശ്രീ, വി എം നൈസാം
ഈടാക്കേണ്ടിയിരുന്ന പിഴ- 3000

4 കുടുംബശ്രീ ഓഫീസ് നവീകരണം (115/22)

PAC -200000

ഭരണസമിതി തീരുമാനം -22.1.22

സെലക്ഷൻ നോട്ടീസ് തിയതി -22.1.22

കരാർ - 68/ AE/ 15.2.22

കരാറുകാരൻ - ശ്രീ. കെ.ആർ രാജപ്പൻ
ഈടാക്കേണ്ടിയിരുന്ന പിഴ- 2000

മേൽ പറഞ്ഞ പദ്ധതികളുടെ കരാർ സമയപരിധിക്കകം വയ്ക്കാതിരുന്നതിന് പിഴയായി 11500 രൂപ (3500+3000+3000+2000) കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറിക്ക് (33/23.9.23)മറുപടി ലഭിച്ചില്ല). കരാറുകാരിൽ നിന്നും തുക ഈടാക്കുന്നത് വരെ പ്രസ്തുത തുക പ്രവൃത്തികൾക്ക് ഫൈനൽബിൽ തുക അനുവദിച്ച് നൽകുമ്പോൾ പിഴ ഈടാക്കാതെ ബിൽ അനുവദിച്ച് നൽകിയ എഞ്ചിനീയറുടെ ബാധ്യതയായി ഓഡിറ്റിൽ നിശ്ചയിക്കുന്നു.

1-36 ധന വിനിയോഗ സാക്ഷ്യപത്രം - ഹാജരാക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റിന്റെ മറ്റ് വിശദവിവരങ്ങൾ :

| | |
|---|---|
| പ്രൊജക്റ്റ് നം., | SO272/23 |
| പേര് | ജല ജീവൻ മിഷൻ |
| അടങ്കൽ | 6,00,000/- (വികസന ഫണ്ട്) |
| ബിൽ നം.,/തീയതി | 23/22-23/22/03/2023 |
| ചെലവ് | 6,00,000/- |

ജല ജീവൻ മിഷന്റെ ഭാഗമായി കിഴക്കഞ്ചേരി പഞ്ചായത്തിലെ പാലക്കുഴിയിലും, സമീപ പ്രദേശങ്ങളിലും സ്ഥലം ഏറ്റെടുത്ത് ജല സംഭരണി നിർമ്മിക്കുന്നതിനായി കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്തിന് തുക കൈമാറിയിട്ടുണ്ട്.വിശദവിവരങ്ങൾ :

| ഗുണഭോക്താവ് | അക്കൗണ്ട് നം | തുക |
|---|---|---|
| സെക്രട്ടറി, കിഴക്കഞ്ചേരി, ഗ്രാമപഞ്ചായത്ത് | 673822072711 | 6,00,000/- |

പ്രസ്തുത തുകയുള്ള ധന വിനിയോഗ സാക്ഷ്യപത്രം കിഴക്കഞ്ചേരി, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. (23.09.'23 ലെ അന്വേഷണ നം.31)

സെക്രട്ടറിയുടെ 25/09/'23 ലെ മറുപടിയിൽ ആയത് ലഭ്യമാവുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് IFS കോഡിലൂടെ കൈമാറിയ 6,00,000/- രൂപയുടെ ധന വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-37 കുടിവെള്ള പദ്ധതികളിലൂടേയുള്ള ശുദ്ധ ജല വിതരണം

പഞ്ചായത്തിന്റെ പരിധിയിലുള്ള കുടിവെള്ള പദ്ധതികളിലൂടേയുള്ള ജല വിതരണം കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ ഓഡിറ്റ് സ്വീകരിച്ച പരിശോധനകളിലൂടേയും ലഭ്യമാക്കിയ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിലും കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു :

1)പഞ്ചായത്തിന്റെ അധീനതയിൽ 76 കുടിവെള്ള പദ്ധതികൾ ഉണ്ടായിരുന്നുവെങ്കിലും ബോർവെല്ലിൽ നിന്നുമുള്ള ജല വിതരണം നടത്തുവാൻ നിർവ്വാഹമല്ലാത്ത സാഹചര്യം കാരണം വിതരണ ശൃംഖലയിൽ നിന്നും 6 എണ്ണം വിച്ഛേദിപ്പിച്ചിട്ടുണ്ട്.ബാക്കിയുള്ള 70 കുടിവെള്ള പദ്ധതികളിൽ 3 എണ്ണം കൂടി ജല വിതരണത്തിൽ ഉൾപ്പെടുത്തുകയും ആകെ 73 പദ്ധതികൾ നിലവിൽ പ്രവർത്തനക്ഷമമമായി കുടിവെള്ള വിതരണം നടത്തി വരുന്നുമുണ്ട്.കുടിവെള്ള പദ്ധതികൾക്കുള്ള രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിച്ച് വരുന്നുണ്ട്.(17.09.'23 ലെ അന്വേഷണ നം ., 7)

2)പഞ്ചായത്ത് പരിപാലിച്ച് വരുന്ന കുടിവെള്ള പദ്ധതികളിൽ 3725 ഗാർഹിക ഗുണഭോക്താക്കളും, 35 ഗാർഹികേതര ഗുണഭോക്താക്കളുമാണുള്ളത്.ഗാർഹിക ആവശ്യങ്ങൾക്ക് നിലവിൽ 100/- രൂപയും, ഗാർഹികേതര ഗുണഭോക്താക്കൾക്ക് 200/- രൂപയുമാണ് നിലവിൽ ഈടാക്കി വരുന്നത്.

3)2022-23 സാമ്പത്തിക വർഷത്തിൽ 2017 ഓക്ടോബർ മുതലാണ് പുതുക്കിയ വെള്ളക്കരം ഈടാക്കി വരുന്നത്.ആയതിന് ശേഷം പുതിയ കണക്ഷനുകൾ നൽകിയിട്ടില്ല.ഡിമാന്റിലെ വെള്ളക്കരം അനുവദനീയമായ കാല പരിധിക്കുള്ളിൽ അടവാക്കുവാൻ വൈകുന്നവരിൽ നിന്നും മാസത്തിൽ 5/- രൂപ പിഴപ്പലിശയായി ഈടാക്കുന്നുണ്ട്.ആയതിന് 13.09.2017 ലെ 13(1) ാം നം. പ്രകാരം പഞ്ചായത്ത് തീരുമാനം സ്വീകരിച്ചിട്ടുണ്ട്.ഡെപ്പോസിറ്റ് തുകയായി 2,000/- രൂപ ഈടാക്കുന്നുണ്ട്.

4)വെള്ളക്കരം ഈടാക്കിയതിന്റേയും ഈടാക്കുവാനുള്ളതിന്റേയും കണക്കുകൾ താഴെ ചേർക്കുന്നു :

| ഡിമാന്റ് | വരവ് | ബാക്കി |
|---|---|---|
| 42,05,200/- | 15,72,600/- | 26,32,600/- |

വെള്ളക്കര കുടിശ്ശികയുടെ കണക്കുകൾ :

| ഡിമാന്റ് | വരവ് | ബാക്കി |
|---|---|---|
| 47,55,327/- | 10,18,600/- | 37,36,727/- |

5)കുടിവെള്ള പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ചെലവുകൾ :

9 ഓപ്പറേറ്റർമാർ ജോലി ചെയ്ത് വരുന്നുണ്ട്.

ഇവർക്ക് പ്രതിദിനം 600- രൂപ നിരക്കിൽ വേതനമായി 18,01,850/- രൂപ നൽകിയിട്ടുണ്ട്.

കുടിവെള്ള പദ്ധതികൾക്കുള്ള ഇലക്ട്രിക്കൽ മെയിന്റനൻസിനായി 6,15,610/- രൂപ നൽകിയിട്ടുണ്ട്.
കുടിവെള്ള സ്കീമുകളുടെ നടത്തിപ്പിനായി 3,89,407/- രൂപ വൈദ്യുതി ചാർജ്ജിനത്തിൽ അടവാക്കിയിട്ടുണ്ട്.

പൈപ്പ് ലൈൻ മെയിന്റനൻസിനായി 14,92,203/- രൂപ നൽകിയിട്ടുണ്ട്.

6)കുടിവെള്ള പദ്ധതികൾക്കായി നിയമാവലി അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

7)2022-23 ൽ പഞ്ചായത്ത് നടത്തി വരുന്ന കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല.

8)മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലൂടെ ജലാശയങ്ങളുടെ പുനരുദ്ധാരണം, തോടുകളുടെ സംരക്ഷണം എന്നിവ നടത്തിയതിന്റെ സംക്ഷിപ്ത വിവരം :

| പൊതുകുളം | കിണർ | തോട് |
|---|---|---|
| 64 | 56 | 11 |

9)പഞ്ചായത്തിന്റെ കുടിവെള്ള പദ്ധതികളിലൂടെ 214 പൊതു ടാപ്പുകളിലൂടേയാണ് കുടിവെള്ളം വിതരണം ചെയ്ത് വരുന്നത്.കുടിവെള്ള പദ്ധതികളുടെ പ്രവർത്തനക്ഷമത ഉറപ്പ് വരുത്തി വരുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)വെള്ളക്കര കുടിശ്ശിക പൂർണ്ണമായി ഈടാക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.
2)കുടിവെള്ള സ്കീമുകളിൽ നിന്നും വെള്ളക്കരം ഇനത്തിൽ ലഭിക്കുന്ന തുക നടത്തിപ്പ് - മെയിന്റനൻസ് ചെലവുകൾക്ക് തികയാതെ വരികയാണെങ്കിൽ മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുവാൻ പാടുള്ളൂ. ഇപ്രകാരം അധിക തുക വഹിക്കുന്നതിന് തനത് ഫണ്ട്/ജനറൽ പർപ്പസ് ഫണ്ട്/മെയിന്റനൻസ് ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണ്. ഇത്തരം ആവശ്യങ്ങൾക്ക് വെള്ളക്കര നിരക്കുകൾ പരിഷ്ക്കരിക്കാവുന്നതാണ്.

3)കുടിവെള്ള സ്കീമുകൾ പ്രവർത്തനക്ഷമമാക്കി, അവയുടെ ആസ്തി-ബാധ്യതകൾ കണക്കാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തോടെ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറേണ്ടതാണ്. ഗ്രൂപ്പുകൾ ഏറ്റെടുത്ത് കഴിഞ്ഞാൽ നടത്തിപ്പ് ചുമതല ഇവർക്ക് നല്കേണ്ടതാണ്. നിർദ്ദേശങ്ങൾ പാലിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

1-38 കുടിവെള്ള പദ്ധതികൾക്കുള്ള അറ്റകുറ്റ പണികൾ

കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിക്കൽ മെയിന്റനൻസിനായി 2022-23 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റിന്റെ മറ്റ് വിശദവിവരങ്ങൾ :

I)

| പ്രൊജക്റ്റ് നം., | SO103/23 | |
|---|---|---|
| അടങ്കൽ | 5,00,000/-(തനത് ഫണ്ട്) | |
| വൗച്ചർ നം., | തീയതി | ചെലവ് തുക |
| 22201475 | 31/03/'23 | 3,98,986/- |

കുടിവെള്ള പദ്ധതികൾക്കുള്ള വൈദ്യുതി നിലനിർത്തുന്നതിനുള്ള അറ്റകുറ്റ പണികൾക്ക് ഇ-ടെണ്ടർ മുഖേന ടെണ്ടറുകൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.ടെണ്ടറുകൾ സമർപ്പിക്കപ്പെട്ടവയിൽ ഏറ്റവും കുറവായി സമർപ്പിച്ച 4,45,000/- രൂപയുള്ള കെ.വി രാമചന്ദ്രൻ എന്ന കോൺട്രാക്ടറുടെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.

| ബിൽ തുക | ഐ.ടി | GST & KGST | Net Amt., |
|---|---|---|---|
| 4,11,454/- | 4,156/- | 8,312/- | 3,98,986/- |

കരാറുകാരന് തുക കൈമാറിയതിന്റെ വിശദവിവരങ്ങൾ :

| കരാറുകാരന്റെ പേര് വിവരം | അക്കൗണ്ട് നം., | തുക |
|---|---|---|
| കെ.വി.രാമചന്ദ്രൻ | 0130053000003430 | 3,98,986/- |
| KBOCWW Board | 799011400000072 | 4,156/- |
| GST | 23033200273960 | 8312/- |
| | ആകെ | 4,11,454/- |

2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ അധീനതയിൽ 73 കുടിവെള്ള പദ്ധതികളിലൂടെ ജല വിതരണം നടത്തി വരുന്നുണ്ട്.

പ്രൊജക്റ്റ് നം., SO103/23 പ്രകാരം പ്രസ്തുത കുടിവെള്ള പദ്ധതികളിൽ ഉൾപ്പെടാത്തവയിൽ ഇലക്ട്രിക്കൽ മെയിന്റനൻസ് നടത്തിയതിന്റെ വിശദവിവരങ്ങൾ :

| ക്രമ നം., | കുടിവെള്ള പദ്ധതികളുടെ പേര് | ഇലക്ട്രിക്കൽ മെയിന്റനൻസിന്റെ വിവരം | തുക |
|---|---|---|---|
| 01 | ആര്യൻകടവ് | Raising 7.5 H.P. Submersible Pump Set | 12,440/- |
| 02 | പഞ്ചംപറമ്പ് | Rewinding & Repair Of 7.5 H.P. Submersible Pump Set | 23,390/- |
| 03 | പയ്യക്കുണ്ട | Repairs Of 7.5 H.P. Submersible Pump Set | 22,220/- |
| 04 | വടക്കൻതൊടി | Repairs Of 10 H.P. Submersible Pump Set | 26,990/- |
| | | ആകെ | 85,040/- |

II)2022-23 സാമ്പത്തിക വർഷത്തിൽ കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിക്കൽ മെയിന്റനൻസിന് സെക്രട്ടറി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റിന്റെ മറ്റ് വിശദവിവരങ്ങൾ :

| പ്രൊക്റ്റ് നം., | SO145/23 |
|---|---|

| പേര് | കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിക്കൽ മെയിന്റനൻസ് 2022-23 ടെണ്ടറിന് മുമ്പുള്ള തുക. | |
|---|---|---|
| അടങ്കൽ | 2,00,000/- (തനത് ഫണ്ട്) | |
| വൗച്ചർ നം., | തീയതി | ചെലവ് തുക |
| 22200995 | 16/01/2023 | 1,92,000/- |

കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിക്കൽ മെയിന്റനൻസിന് 2021-22ൽ വകയിരുത്തിയ തുക പ്രസ്തുത കാലയളവിലെ കരാറുകാരനെ തന്നെ സപ്ലിമെന്ററി അഗ്രിമെന്റിലൂടെ പ്രവൃത്തി നിർവ്വഹണം 2022-23 ലെ ടെണ്ടർ കാലയളവ് വരെ AMC നിർവ്വഹിക്കുന്നതിനായി പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. പ്രവൃത്തിക്കായി തെരഞ്ഞെടുത്ത കരാറുകാരന് തുക നൽകിയതിന്റെ വിവരങ്ങൾ :

| ബിൽ തുക | ഐ.ടി | GST & KGST | KBOCWW Board | Net Amt., |
|---|---|---|---|---|
| 2,00,000/- | 2,000 | 4,000 | 2,000 | 1,92,000/- |

| കരാറുകാരന്റെ പേര് വിവരം | അക്കൗണ്ട് നം., | തുക |
|---|---|---|
| കെ.വി.രാമചന്ദ്രൻ | 0130053000003430 | 1,92,000/- |
| KBOCWW Board | 799011400000072 | 2,000/- |
| GST | 23013200011831 | 4,000/- |
| | ആകെ | 1,98,000/- |

2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ അധീനതയിൽ ഉൾപ്പെടാത്ത താഴെ പറയുന്ന കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിക്കൽ മെയിന്റനൻസ് നിർവ്വഹിച്ചിട്ടുണ്ട് :

| ക്രമ നം. | കുടിവെള്ള പദ്ധതികളുടെ പേര് വിവരം | ഇലക്ട്രിക്കൽ മെയിന്റനൻസ് | തുക |
|---|---|---|---|
| 01 | മണ്ണുത്തറ | Rewinding & Repair Of 7.5 H.P. Submersible Pump Set | 28,190/- |
| 02 | മണ്ണുത്തറ | 7.5 H.P. Submersible Pumpset In The Well &Replacing The G.I. Pipes | 59,640/- |
| 03 | മണ്ണുത്തറ | Repairs Of 7.5 H.P. Submersible Pump Set | 22,220/- |
| | | ആകെ | 1,10,050/- |

പ്രസ്തുത കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയവയാണെങ്കിൽ പഞ്ചായത്ത് മുഖേന ഇലക്ട്രിക്കൽ മെയിന്റനൻസിനുള്ള ചെലവ് നിർവ്വഹിച്ചതിനുള്ള വിശദീകരണം ഓഡിറ്റ് ആവശ്യങ്ങൾക്കായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. (23.09.'23 ലെ അന്വേഷണ നം.34). ആയതിന് സെക്രട്ടറി മറുപടി ഹാജരാക്കുകയുണ്ടായില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

സ.ഉ.(സാധാ)നം.1275/2009/ ത.സ്വഭ.വ. തീയതി 30.05.2009 പ്രകാരം പഞ്ചായത്തിന്റെ അധീനതയിൽ അല്ലാത്തതും, ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയതുമായ കുടിവെള്ള പദ്ധതികൾക്കുള്ള ചെലവുകൾ

വഹിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു:

ഖണ്ഡിക 3.1 ഗുണഭോക്തൃ സമിതികൾക്ക് കൈമാറാത്ത കുടിവെള്ള പദ്ധതികൾക്കുള്ള അറ്റകുറ്റ പണികൾ നടത്തേണ്ടതുണ്ടെങ്കിൽ ആയത് നിർവ്വഹിച്ചതിന് ശേഷം പ്രവർത്തനക്ഷമമാക്കി പ്രസ്തുത സമിതികളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് കൈമാറേണ്ടതാണ്.

3.3 : ഇതിനകം ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയ സ്കീമുകളുടെ നടത്തിപ്പ്/ മെയിന്റനൻസ് ചെലവുകൾ എന്നിവ പഞ്ചായത്ത് വഹിക്കേണ്ടതില്ല.അവയുടെ ചെലവുകൾ പ്രസ്തുത സമിതികളാണ് വഹിക്കേണ്ടത്.

3.4 :കുടിവെള്ള സ്കീമുകളിൽ നിന്നും വെള്ളക്കരം ഇനത്തിൽ ലഭിക്കുന്ന തുക നടത്തിപ്പ് - മെയിന്റനൻസ് ചെലവുകൾക്ക് തികയാതെ വരികയാണെങ്കിൽ മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുവാൻ പാടുള്ളൂ. ഇപ്രകാരം അധിക തുക വഹിക്കുന്നതിന് തനത് ഫണ്ട്/ജനറൽ പർപ്പസ് ഫണ്ട്/മെയിന്റനൻസ് ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണ്. ഇത്തരം ആവശ്യങ്ങൾക്ക് വെള്ളക്കര നിരക്കുകൾ പരിഷ്കരിക്കാവുന്നതാണ്.

തനത് ഫണ്ടിലെ ശോഷണം ഒഴിവാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിലവിൽ കൈമാറാത്ത കുടിവെള്ള സ്കീമുകൾ പ്രവർത്തനക്ഷമമാക്കി, അവയുടെ ആസ്തി-ബാധ്യതകൾ കണക്കാക്കി തദ്ദേശസ്വയംഭരണത്തിന്റെ അംഗീകാരത്തോടെ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറേണ്ടതാണ്. ഗ്രൂപ്പുകൾ ഏറ്റെടുത്ത് കഴിഞ്ഞാൽ നടത്തിപ്പ് ചുമതല ഇവർക്ക് നല്കേണ്ടതാണ്.

തുടർ നപടികൾ സ്വീകരിച്ച് വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-39 തെരുവ് വിളക്കുകളുടെ പ്രവർത്തനവും, പരിപാലനവും - 2022-23

പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിലുള്ള 20 വാർഡുകളിൽ തെരുവ് വിളക്കുകളുടെ പ്രവർത്തനവും, പരിപാലനവും പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു :

1)പഞ്ചായത്തിന്റെ അധികൃതരും, KSEB യും ചേർന്ന് അവസാനം നടത്തിയ സംയുക്ത പരിശോധനയിലൂടെ നിർണ്ണയിക്കപ്പെട്ട വൈദ്യുത ബൾബുകളുടെ വിശദവിവരങ്ങൾ :

| തെരുവ് വിളക്കുകളുടെ എണ്ണം | തരം | നിരക്ക് | ആകെ |
|---|---|---|---|
| 299 | ഓർഡിനറി ബൾബ് | 112 | 33,488/- |
| 309 | ഡബിൾ ട്യൂബ് - 80W | 147 | 45,423/- |
| 10 | സോഡിയം വെപ്പർ ലാമ്പ് | 492 | 4,920/- |
| 618 | | | 83,831/- |

2)പഞ്ചായത്തിന്റെ പരിധിയിലെ തെരുവ് വിളക്കുകൾക്കുള്ള വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിൽ കുടിശ്ശികയില്ല. (17.09.2023 ലെ അന്വേഷണ നം.6).

3)80തെരുവ് വിളക്കുകൾക്കുള്ള മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.പഞ്ചായത്തിലുള്ള 20 വാർഡുകളിലെ തെരുവ് വിളക്കുകൾക്കെല്ലാം തന്നെ പൂർണ്ണമായി മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല.ഇവയ്ക്കെല്ലാം കൺസ്യൂമർ നമ്പറുകൾ നൽകിയിട്ടുണ്ട്.ഓഡിറ്റ് വർഷത്തിൽ വൈദ്യുതി ചാർജ്ജിനത്തിൽ പഞ്ചായത്ത് ആകെ 12,65,128/- രൂപ അടവാക്കിയിട്ടുണ്ട്.

4)തെരുവ് വിളക്കുകളുടെ എണ്ണവും, തരവും അനുസരിച്ച് വൈദ്യുതി ചാർജ്ജ് അടവാക്കുവാനുള്ള താരീഫ് റേറ്റ് ഓഡിറ്റിൽ ആവശ്യപ്പെട്ടിരുന്നു.ആയത് ഹാജരാക്കുകയുണ്ടായില്ല.

5)പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിൽ ഓട്ടോമാറ്റിക്ക് കട്ട് ഓഫ് സഹിതമുള്ള 2 എണ്ണം എം.പി. ഫണ്ടിൽ നിന്നും 4 എണ്ണം എം.എൽ.എ. ഫണ്ടിൽ നിന്നും സ്ഥാപിച്ചതായി മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

6)പഞ്ചായത്തിൽ സട്രീറ്റ് ലൈറ്റ് രജിസ്റ്ററും, പരാതി രജിസ്റ്ററും സൂക്ഷിച്ച് വരുന്നുണ്ട്.

7)തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾ നിർവ്വഹിക്കുന്നതിന് പ്രൊജക്റ്റുകൾക്കുള്ള അംഗീകാരം ലഭ്യമാക്കി പദ്ധതി വിഹിതം വിനിയോഗിച്ച് AMC യിലൂടെ നിർവ്വഹിച്ച് വരുന്നു.അറ്റകുറ്റ പണികൾക്കുള്ള നിർവ്വഹണം

സംബന്ധിച്ച KSEB., യുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്.

8)ഉപയോഗ ശൂന്യമായ വൈദ്യുതോപകരണങ്ങൾ സ്ക്രാപ്പ് വിലയ്ക്ക് കരാറുകാർക്കോ/KSEB യിലേക്കോ നൽകാറില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)7.07.2010ലെ 43742/ഡി.സി.3.2010/ത.സ്വ.ഭ.വ പ്രകാരം ഓരോ മീറ്ററിംഗ് പോയിന്റിനും പ്രത്യേക കൺസ്യൂമർ നമ്പർ നൽകുകയും, സ്പോട്ട് ബില്ലിംഗ് സമ്പ്രദായം നടപ്പാക്കേണ്ടതുമാണ് എന്നും നിഷ്കർഷിക്കുന്നു.

മീറ്റർ പ്രവർത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്.
തെരുവ് വിളക്കുകൾക്കുള്ള മീറ്ററിംഗ് സംവിധാനം പൂർണ്ണമായി ഏർപ്പെടുത്തി വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

2)ബൾബുകൾക്കുള്ള ടാരിഫ് റേറ്റ് ഹാജരാക്കേണ്ടതാണ്.വൈദ്യുത ഉപഭോഗം കൂടുതലായ ബൾബുകൾ ഒഴിവാക്കേണ്ടതാണ്. പരിസ്ഥിതിക്ക് ഹാനികരമല്ലാത്തതും, വില്പനാനന്തര സേവനങ്ങൾ ഉറപ്പ് വരുത്തുകയും ചെയ്ത് ഊർജ്ജം കുറവായി ഉപയോഗിക്കുന്ന എൽ.ഇ.ഡി ബൾബുകൾ ഉപയോഗിപ്പെടുത്തേണ്ടതാണ്.

3)2.03.2013 ലെ സ.നം.655529/ഡി.സി.3/12 ത.സ്വ.ഭ.വ പ്രകാരം ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും പ്രസ്തുത ആവശ്യത്തിനായി KSEB യിൽ നിന്നും സേവനം ലഭ്യമാക്കി ഇതിലേക്കായുള്ള ആവശ്യമായ തുക അടവാക്കേണ്ടതുമാണ്.

നിർദ്ദേശങ്ങൾ പാലിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-40 സ്റ്റോക്ക് രജിസ്റ്റർ - ഹാജരാക്കണ്ടതാണ്

പഞ്ചായത്ത് സെക്രട്ടറി 2022-23 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റിന്റെ വിശദവിവരങ്ങൾ :

| | |
|---|---|
| പ്രൊജക്റ്റ് നം., | S0268/'23 |
| പേര് | അഗതി രഹിത കേരളം |
| വികസന ഫണ്ട് | 5,00,000/- (അടങ്കൽ) |
| ബിൽ നം.,/തീയതി | 17/22-23/06/01/2023 |
| ചെലവ് | 5,00,000/- |

പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റിയിലേക്ക് അഗതി രഹിത കേരളവുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച പ്രൊജക്റ്റ് പ്രകാരം 5,00,000/- രൂപ കൈമാറിയിട്ടുണ്ട്.തുക കൈമാറിയതിന്റെ വിവരങ്ങൾ :

| പേര് വിവരം | അക്കൗണ്ട് നം., | തുക |
|---|---|---|
| M/s ചെയർ പേഴ്സൺ,<br>മെമ്പർ സെക്രട്ടറി,<br>കുടുംബശ്രീ വടക്കഞ്ചേരി. | 611202010009237 | 5,00,000/- |

പ്രസ്തുത തുക ഉൾപ്പടെ ചലഞ്ച് ഫണ്ടും ചേർത്ത് 5,18,734/- രൂപയ്ക്ക് ലഭ്യമാക്കിയ ഫുഡ് കിറ്റുകൾക്കുള്ള ഇൻവോയ്സിന്റെ വിശദവിവരങ്ങൾ :

| ഇൻവോയ്സ് നം., | തീയതി | സ്ഥാപനം | തുക |
|---|---|---|---|
| 0902202/221989 | 11/01/23 | കേരള സ്റ്റേറ്റ് സിവിൽ സപ്പ്ളൈസ് കോർപ്പറേഷൻ Ltd.,<br>ശബരി മാർക്കറ്റ്, വടക്കഞ്ചേരി. | 1,32,428/- |
| 0902202/222245 | 14/02/23 | ,, | 1,37,060/- |

| | | | |
|---|---|---|---|
| 0902202/222407 | 03/03/23 | „ | 1,29,054/- |
| 0902202/222553 | 17/03/23 | „ | 1,20,192/- |
| | | ആകെ | 5,18,734/- |

പ്രസ്തുത ഇൻവൊയ്സിലൂടെ ലഭ്യമാക്കിയ ഫുഡ് കിറ്റുകളുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഓഡിറ്റിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നു.(23.09.2023 ലെ അന്വേഷണ നം., 32).

സി.ഡി.എസ് അക്കൗണ്ടന്റിന്റെ 25.09.'23ലെ മറുപടിയിൽ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെന്നും, ആയത് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായില്ല. അതിനാൽ ഫുഡ് കിറ്റുകൾ ലഭ്യമായതിന്റെയും വിതരണം ചെയ്തതിന്റെയും വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

സംക്ഷിപ്തത്തിലെ ഇൻവൊയ്സുകളിലൂടെ ലഭ്യമാക്കിയ ഫുഡ് കിറ്റുകളുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

### 1-41 സ്റ്റോക്ക് രജിസ്റ്റർ - ഹാജരാക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റിന്റെ വിശദവിവരങ്ങൾ :

| | | |
|---|---|---|
| പ്രൊജക്റ്റ് നം., | S0292/23 | |
| പേര് | ജന സേവന കേന്ദ്രം - കുടുംബശ്രീ ഹെൽപ്പ് ഡെസ്ക്ക് | |
| അടങ്കൽ | 2,00,000/- (തനത് ഫണ്ട്) | |
| വൗച്ചർ നം., | തീയതി | ചെലവ് തുക |
| 22201397 | 24/03/2023 | 1,93,386/- |

ILGMS മുഖേന പൊതു ജനങ്ങൾക്ക് അപേക്ഷകൾ സമർപ്പിക്കുന്നതിനും, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ ലഘൂകരിക്കുന്നതിനും, ഒരു ജന സേവന കേന്ദ്രം - കുടുംബശ്രീ ഹെൽപ്പ് ഡെസ്ക്ക് ആരംഭിച്ച് ആയതിലേക്കായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ CPRCS/GEM മുഖേന വാങ്ങി നൽകുവാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും വാങ്ങുവാനായി കെൽട്രോൺ എന്ന സ്ഥാപനത്തിന് കൈമാറിയ തുകയുടെ വിശദവിവരങ്ങൾ :

| സ്ഥാപനം | അക്കൗണ്ട് നം., | തുക |
|---|---|---|
| കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ | 799011400003959 | 1,93,386/- |

കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും CPRCS പോർട്ടലിൽ നിന്ന് വാങ്ങുവാനായി കെൽട്രോൺ എന്ന സ്ഥാപനത്തിന് നൽകിയ പ്രോഫോർമ ഇൻവൊയ്സിലെ വിവരങ്ങൾ :

| ഇനം | ഇൻവൊയ്സ് നം., | തീയതി | എണ്ണം | തുക |
|---|---|---|---|---|
| ഡെസ്ക്ക് ടോപ്പ് - വിൻഡോസ് 11 പ്രോഫഷണൽ | TVM/ITBG/PI/RC/47876/22-23 | 24.03.'23 | 01 | 54,954/- |

| | | | | |
|---|---|---|---|---|
| A4 മൾട്ടി ഫങ്ഷൻ പ്രിന്റർ - ഓപ്പറേറ്റിംഗ് സിസ്റ്റം | TVM/ITBG /PI/RC /47880 /22-23 | 24.03.'23 | 01 | 35,040/- |
| A3 ഷീറ്റ് ഫെഡ് സ്കാനർ - ഓപ്പറേറ്റിംഗ് സിസ്റ്റം | TVM/ITBG /PI/RC /47881 /22-23 | 24.03.'23 | 01 | 1,03,392/- |
| | | | ആകെ | 1,93,386/- |

സംക്ഷിപ്തത്തിൽ ഉൾപ്പെടുത്തിയ കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയ വിശദാംശങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നു.(21.09.'23ലെ അന്വേഷണ നം.17)

പ്രസ്തുത ഇനങ്ങൾക്കുള്ള പ്രൊഫോർമ ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നും, ആവശ്യപ്പെട്ട പ്രൊഡക്ട്സ് CPRCS ഉടനെ ലഭ്യമാക്കുന്നതാണെന്നും മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും ലഭ്യമാവുന്ന മുറയ്ക്ക് ഇൻവോയ്സ് സഹിതം സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുന്നതോടൊപ്പം, IKM ഉദ്യോഗസ്ഥന്റെ ഗുണനിലവാര സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)കുടുംബശ്രീ ഹെൽപ്പ് ഡെസ്ക് ഫ്രണ്ട് ഓഫീസ് തുടങ്ങുന്നതിലേക്കായി വാങ്ങിയ സംക്ഷിപ്തത്തിൽ ഉൾപ്പെടുത്തിയ കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയതിന്റെ വിശദവിവരങ്ങൾ അടങ്ങിയ ഇൻവോയ്സ് സഹിതം സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2)കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളുടേയും സ്പെസിഫിക്കേഷനുകൾക്കുള്ള ഗുണനിലവാരം ഉറപ്പ് വരുത്തിയ IKM ന്റെ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-42 നിക്ഷേപ പ്രവൃത്തിക്കുള്ള ധന വിനിയോഗ സാക്ഷ്യപത്രം - ഹാജരാക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റിന്റെ മറ്റ് വിശദവിവരങ്ങൾ :

| | | |
|---|---|---|
| പ്രൊജക്റ്റ് നം., | SO276/23 | |
| പേര് | സട്രീറ്റ് മെയിൻ എകസ്റ്റൻഷൻ | |
| അടങ്കൽ | 10,00,000/-(തനത് ഫണ്ട്) | |
| വൗച്ചർ നം., | തീയതി | തുക |
| 22201458 | 31/03/2023 | 10,00,000/- |

പഞ്ചായത്തിന്റെ പരിധിയിലുള്ള വാർഡുകളിൽ ഡെപ്പോസിറ്റ് വർക്കിൽ ഉൾപ്പെടുത്തി സട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ പ്രവൃത്തിക്കായി 10,00,000/- രൂപ പ്രൊജക്റ്റ് പ്രകാരം വകയിരുത്തിയിട്ടുണ്ട്.എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ വടക്കഞ്ചേരി KSEB യിലേക്ക് പ്രവർത്തി നിർവ്വഹണത്തിനായി തുക കൈമാറിയിട്ടുണ്ട്.വിശദവിവരങ്ങൾ :

| സ്ഥാപനം | അക്കൗണ്ട് നം., | തുക |
|---|---|---|
| KSEB., വടക്കഞ്ചേരി | 67017439204 | 10,00,000/- |

പ്രസ്തുത തുകയ്ക്കുള്ള ധന വിനിയോഗ സാക്ഷ്യപത്രം വടക്കഞ്ചേരി, ഗ്രാമ പഞ്ചായത്ത് KSEB.,യിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. (23.09.'23 ലെ അന്വേഷണ നം.31)

സെക്രട്ടറിയുടെ 25/09/'23 ലെ മറുപടിയിൽ ആയത് ലഭ്യമാവുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

KSEB., വടക്കഞ്ചേരിക്ക് IFS കോഡിലൂടെ നൽകിയ 10,00,000/- രൂപയുടെ ധന വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-43 മാലിന്യസംസ്കരണം -അവലോകനം

ഗ്രാമപഞ്ചായത്തിന്റെ ഖരമാലിന്യ സംസ്കരണ സംവിധാനം വിലയിരുത്തുന്നതിനായി രേഖകൾ പരിശോധിക്കുകയും ഖരമാലിന്യ സംസ്കരണ പ്ലാന്റ് സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകനം താഴെ ചേർക്കുന്നു

11-ാം വാർഡിലെ ആര്യൻകടവ് എന്ന സ്ഥലത്താണ് ഗ്രാമപഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ 20 വാർഡുകളിൽ നിന്നും ഹരിതകർമ്മസേന ഖരമാലിന്യം ശേഖരിച്ച് പ്ലാന്റിൽ നിക്ഷേപിക്കുന്ന രീതിയാണ് നിലവിലുള്ളത്.

ഹരിതകർമ്മസേനയുടെ പ്രവർത്തനം

ഹരിതകർമ്മസേനയിൽ 39 അംഗങ്ങളാണ് നിലവിലുള്ളത്. അംഗങ്ങളെ 4 യൂണിറ്റായി തിരിച്ച് റൊട്ടേഷൻ അടിസ്ഥാനത്തിൽ ഒരു യൂണിറ്റ് സംസ്കരണ പ്ലാന്റിലെ പ്രവർത്തനങ്ങൾ നടത്തുകയും മറ്റുള്ളവർ വാർഡുകളിൽ നിന്ന് മാലിന്യശേഖരണം നടത്തുകയുമാണ് ചെയ്യുന്നത്. ഗ്രാമപഞ്ചായത്തിലെ ഹെൽത്ത് ഇൻസ്പെക്ടർക്കാണ് മാലിന്യസംസ്കരണപ്രവർത്തനങ്ങളുടെ ചുമതല. ഹരിതകർമ്മസേന കൂടാതെ പഞ്ചായത്തിൽ 8 എഫ്.ടി.എസ് തസ്തികയും നിലവിലുണ്ട്.

വീടുകളിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യവും പൊതുസ്ഥലങ്ങളിൽ നിന്നും വാണിജ്യസ്ഥാപനങ്ങളിൽ നിന്നും ജൈവ അജൈവ മാലിന്യങ്ങളും ശേഖരിക്കുന്നുണ്ട്. 12 ാം വാർഡിൽ ഉൾപ്പെടുന്ന വടക്കഞ്ചേരി ടൗണിൽ നിന്നുമാണ് പ്രധാനമായും ജൈവമാലിന്യം ശേഖരിക്കുന്നത്.

അജൈവമാലിന്യങ്ങൾ സ്രോതസ്സിൽ നിന്നും, സൃഷ്ടിക്കുന്നവരുടെ ചെലവിൽ തരംതിരിച്ച് ശേഖരിച്ച്, മൂല്യവർദ്ധിത വസ്തുവായി വരുമാനമാർജ്ജിച്ചു കൊണ്ട് കൈയ്യൊഴിക്കുന്ന സംവിധാനമായാണ് ഹരിതകർമ്മസേന രൂപീകരിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തരംതിരിക്കപ്പെടാതെയാണ് മാലിന്യശേഖരണം നടത്തുന്നത് എന്നത് സംവിധാനത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു.

വീടുകളിൽ നിന്നും പ്രതിമാസം 50 രൂപ നിരക്കിലും സ്ഥാപനങ്ങളിൽ നിന്നും 100 രൂപ നിരക്കിലുമാണ് യൂസർഫീ ഈടാക്കുന്നത്. ടൗണിലെ കടകളിൽ നിന്നും ജൈവമാലിന്യം ശേഖരിക്കുന്നതിന് മാലിന്യത്തിന്റെ അളവിനെ അടിസ്ഥാനമാക്കി പ്രതിദിനം 20 രൂപ നിരക്കിൽ ഫീസ് ഈടാക്കുന്നുണ്ട്. 2022-23 ൽ 1837273 രൂപ യൂസർഫീ ഇനത്തിൽ ലഭിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ 21.9.23 ന് 68675 രൂപ നീക്കിയിരുപ്പുണ്ട്.

സ്മാർട്ട് ഗാർബേജ് സിസ്റ്റം

നിലവിൽ 17 വാർഡുകളിൽ QR Code പതിക്കൽ പൂർത്തിയാക്കിയിട്ടുണ്ട്. ആകെയുള്ള 13990 വീടുകളിൽ 8741 വീടുകളിൽ QR Code സ്ഥാപിച്ചിട്ടുണ്ട്. 18 ാം വാർഡിൽ നിലവിൽ ഹരിതകർമ്മസേന അംഗങ്ങളില്ലാത്തതിനാൽ QR Code പതിച്ചിട്ടില്ല. 3 , 7 വാർഡുകളിൽ പ്രവൃത്തി പൂർത്തിയായിട്ടില്ല. വ്യാപാരസ്ഥാപനങ്ങൾ QR Code പതിക്കുന്നതിനോട് സഹകരിക്കുന്നില്ല എന്ന് ഹരിതകർമ്മസേനാംഗങ്ങൾ അറിയിക്കുകയുണ്ടായി.

വാഹനം

മാലിന്യശേഖരണത്തിനായി ഒരു ട്രാക്ടർ, രണ്ട് ഗുഡ്സ് ഓട്ടോ (ഇതിൽ ഒന്ന് ഇലക്ട്രിക് വാഹനമാണ്.) എന്നിവയാണ് ഉപയോഗിക്കുന്നത്. ഓഡിറ്റ് വർഷം പുതിയ ട്രെയിലർ വാങ്ങിയിട്ടുണ്ട്.

മാലിന്യ സംസ്കരണം

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും മിനി MCF സ്ഥാപിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ ആര്യൻകടവിൽ 46,54,626 രൂപ ചെലവഴിച്ചാണ് ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിച്ചിട്ടുള്ളത്. ജൈവമാലിന്യം സംസ്കരിക്കുന്നതിനായി ഖരമാലിന്യപ്ലാന്റിൽ തുമ്പൂർമുഴി മോഡലിൽ 24 ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. MRF കെട്ടിടവും പ്ലാന്റിൽ സ്ഥിതിചെയ്യുന്നുണ്ട്. ഇൻസിനറേറ്ററും സ്ഥാപിച്ചിട്ടുണ്ട്.

ജൈവമാലിന്യസംസ്കരണം

സ്ഥാപനങ്ങളിൽ നിന്നും പൊതുസ്ഥലത്ത് നിന്നും ദിവസവും ശേഖരിക്കുന്ന ജൈവമാലിന്യം പ്ലാന്റിലെത്തിച്ച്

ബിന്നുകളിൽ നിക്ഷേപിക്കുന്നു. 4-5 മാസങ്ങൾ കഴിഞ്ഞാണ് ഇവ ജൈവവളമായി മാറുന്നത്. പിന്നീട് ജൈവവളം അരിച്ച് ചാക്കുകളിലാക്കി സൂക്ഷിക്കുന്നു. ജൈവവളം ഗ്രാമപഞ്ചായത്തിന്റെ കാർഷികപദ്ധതികൾ മുഖേന സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകുന്നുണ്ട്. അതല്ലാതെ ആരും നേരിട്ട് ജൈവവളം വാങ്ങുന്നില്ല എന്നതിനാൽ നിർമ്മിച്ച വളം വിറ്റഴിക്കാനാവാതെ പ്ലാന്റിൽ കാലങ്ങളായി സൂക്ഷിക്കേണ്ടിവരുന്നു. പല ചാക്കുകളും ദ്രവിച്ച് ജൈവവളം നിലത്ത് ചിതറികിടക്കുന്ന നിലയിലാണ്.



എല്ലാ ബിന്നുകളും നിറഞ്ഞതിനാൽ നിലവിൽ ശേഖരിക്കുന്ന ജൈവമാലിന്യം സംസ്കരിക്കാനാവാതെ പ്ലാന്റിൽ നിക്ഷേപിക്കേണ്ടിവരുന്നു. പ്രതിദിനം 1.5 ടണ്ണോളം മാലിന്യം ശേഖരിക്കപ്പെടുന്നുണ്ട്. കൂടാതെ ജൈവ-അജൈവമാലിന്യങ്ങൾ കൃത്യമായി വേർതിരിക്കാതെയാണ് മാലിന്യം ശേഖരിക്കുന്നത് എന്നതിനാൽ സംസ്കരണത്തിന് പ്രായോഗികപ്രശ്നങ്ങളും നേരിടുന്നുണ്ട്.

<u>അജൈവ മാലിന്യസംസ്കരണം</u>

ഹരിതകർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം പ്ലാന്റിലെത്തിച്ച് വേർതിരിച്ച് കൈയ്യൊഴിക്കുകയാണ് ചെയ്യുന്നത്. സലാം ട്രേഡിംഗ് എന്ന സ്ഥാപനമാണ് പ്ലാസ്റ്റിക് മാലിന്യം വാങ്ങുന്നത്. ഇതിന്റെ വില ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നുണ്ട്. 2022-23 ൽ 386351 രൂപ ഇപ്രകാരം ലഭിച്ചിട്ടുണ്ട്.

തരംതിരിക്കാത്ത മാലിന്യമാണ് ശേഖരിക്കുന്നത് എന്നതിനാൽ വലിയൊരളവ് അജൈവമാലിന്യം വേർതിരിക്കാൻ കഴിയാതെ പ്ലാന്റിൽ നിക്ഷേപിക്കപ്പെട്ടിട്ടുണ്ട്. ഒരേക്കറിലധികമുള്ള പ്ലാന്റിന്റെ നല്ലൊരു ഭാഗവും ഇപ്രകാരമുള്ള മാലിന്യനിക്ഷേപമാണ്.



<u>പ്ലാന്റിലെ ഉപകരണങ്ങളുടെ ഉപയോഗം</u>

2017-18 വർഷം 500000 രൂപ ചെലവഴിച്ച് ബെയ്ലിംഗ് മെഷീൻ, പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. 1000000 രൂപ ഇൻസിനറേറ്റർ സ്ഥാപിക്കാനും ചെലവ് വന്നിട്ടുണ്ട്. എന്നാൽ ഷ്രെഡിംഗ് മെഷീൻ നിലവിൽ ഉപയോഗിക്കുന്നില്ല. ഷ്രെഡഡ് പ്ലാസ്റ്റിക് വിൽപ്പന നടത്താൻ കഴിയാതെ വന്നതിനാൽ തരംതിരിച്ച പ്ലാസ്റ്റിക് കൈയ്യൊഴിക്കുന്ന രീതിയാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. കേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രായോഗികമല്ല എന്നതിനാൽ പ്ലാന്റിലേക്ക് എത്തുന്ന മാലിന്യത്തിന്റെ അളവ് കുറവു ചെയ്യുക എന്ന ലക്ഷ്യത്തോടെ ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുന്നതിനുള്ള ബോധവത്കരണ പ്രവർത്തനങ്ങളും തുടർ പദ്ധതികളും കാര്യക്ഷമമാക്കേണ്ടതാണ്. മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി ജൈവമാലിന്യം 100 % ഉറവിടത്തിൽ തന്നെ സംസ്കരിക്കണം എന്ന ലക്ഷ്യം

കൈവരിക്കുന്നതിനായി പ്ലാൻഫണ്ട്, സി.എഫ്.സി, ശുചിത്വമിഷൻ ഫണ്ട് എന്നിവ വകയിരുത്തി ആവശ്യമായ പ്രൊജക്കുകൾ നടപ്പിലാക്കാവുന്നതാണ്.

2. മാർക്കറ്റിലെ ജൈവമാലിന്യം അവിടെ തന്നെ സംസ്കരിക്കുന്നതിനായി കമ്യൂണിറ്റി തല ജൈവമാലിന്യ സംസ്കരണസംവിധാനം - (തുമ്പൂർമുഴി, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവ) സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

3. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകളിൽ കംപോസ്റ്റ് പിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

4വ്യാപാരവ്യവസായ സ്ഥാപനങ്ങൾക്ക് സ്വന്തമായ മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കേണ്ടതാണ്.

5. പ്ലാന്റിന്റെ പരിസരത്ത് കൂട്ടിയിട്ടിരിക്കുന്ന മാലിന്യങ്ങൾ കൈയ്യൊഴിക്കുന്നതിനായി ക്ലീൻ കേരള കമ്പനി, മറ്റ് സ്വകാര്യസ്ഥാപനങ്ങൾ എന്നിവയുടെ സേവനങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്

6. ലെഗസി വേസ്റ്റ് നീക്കം ചെയ്യുന്നതിനായി ബയോമൈനിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

7. ഗാർഹിക – വാണിജ്യ ഉപഭോക്താക്കളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം ഉറവിടത്തിൽ തന്നെ തരം തിരിക്കപ്പെട്ടതാണ് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് വ്യാപാരി-വ്യവസായകൾ, പൊതുജനങ്ങൾ, സ്കൂൾ കുട്ടികൾ എന്നിവർക്കിടയിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

8. 628/2023/ത.സ്വ.ഭ.വ തി. 16.03.2023 നമ്പർ സർക്കാർ ഉത്തരവിലെ കലണ്ടർ പ്രകാരം തന്നെ മാലിന്യങ്ങൾ ശേഖരണം നടത്തേണ്ടതാണ്.ഹരിതകർമ്മ സേനയ്ക്ക് യൂസർഫീ നൽകാത്തവരിൽ നിന്നും പ്രസ്തുത തുക വസ്തുനികുതി കുടിശികയായി കണക്കാക്കി ഈടാക്കുന്നതിന് 01.04.2023 പ്രാബല്യത്തിൽ, അനുമതി നൽകിക്കൊണ്ട് സർക്കാർ 31.3.2023 ൽ പുറപ്പെടുവിച്ച 789/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് നടപ്പിലാക്കേണ്ടതാണ്.

9. പ്ലാന്റിൽ ഉത്പാദിപ്പിക്കുന്ന ജൈവവളം കൃഷിക്ക് അനുയോജ്യമാക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. ജൈവവളത്തിൽ പ്ലാസ്റ്റിക്കിന്റെ അംശം കലരുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതും സമ്പുഷ്ടീകരണം നടത്തി ജൈവവളത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്താവുന്നതുമാണ്. ഉൽപ്പാദിപ്പിക്കപ്പെട്ട ജൈവവളം സൂക്ഷിക്കുന്നതിനുള്ള സംവിധാനവും പ്ലാന്റിൽ ഏർപ്പെടുത്തേണ്ടതാണ്.

10. അപകടകരമായ ഇ-വേസ്റ്റ്, ബയോ മെഡിക്കൽ വേസ്റ്റ് എന്നിവ പ്ലാന്റിൽ എത്തുന്നില്ലെന്ന് പ്രത്യേകം ഉറപ്പാക്കേണ്ടതാണ്. അവയുടെ സംസ്കരണത്തിനായി ചട്ടങ്ങൾ അനുസരിച്ച് പ്രത്യേകം പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

11. പൊതുസ്ഥലങ്ങളിലെ മാലിന്യനിക്ഷേപം തടയുന്നതിനായി CCTV ക്യാമറകൾ സ്ഥാപിക്കുന്നതിനും നിയമാനുസൃത പിഴ ചുമത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|

| | പരിശോധിച്ച തിയതി | |
|---|---|---|
| 2022-23 | 15-9-2023 മുതൽ 25-9-2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 896031 | വനിതകൾക്ക് ജിംനേഷ്യം പദ്ധതി -8/23 | 683400 | 212631 |
| | 2022-23 | 100000 | അങ്കണവാടി പോഷകാഹാരം 1/23 | 100000 | 0 |
| | 2022-23 | 265000 | പാലിന് സബ്സിഡി -285/23 | 265000 | 0 |
| | 2022-23 | 99433 | ക്ഷീരകർഷകർക്ക് പാലിന് ഇ ൻസെന്റീവ് 327/23 | 99433 | 0 |
| | 2022-23 | 100000 | ലൈഫ് മിഷൻ - 19/23 | 100000 | 0 |
| | 2022-23 | 125000 | ഭിന്നശേഷി സ്കോളർഷിപ്പ്-320/23 | 125000 | 0 |
| | 2022-23 | 250000 | ലക്ഷം വീട് ഒറ്റവീടാക്കൽ Sc-316/23 | 250000 | 0 |
| | 2022-23 | 137000 | ST വിഭാഗം വീട് അറ്റകുറ്റപണി -264/23 | 137000 | 0 |
| ആകെ | | 1972464 | | 1759833 | 212631 |
| ജില്ല പഞ്ചായത്ത് | 2020-21 | 17635 | നെൽകൃഷിക്ക് പ്രാരംഭ കൃഷിക്ക് ഉഴവുകൂലി | 0 | 17635 |
| | | 1189925 | ഉഴവുകൂലി 159/23 | 1189925 | 0 |
| | | 65000 | കണ്ടിൻജൻസി ചെലവ് - 275/23 | 65000 | 0 |
| | | 185000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 185000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | 285/23 | | |
| ആകെ ജില്ല | | 1457560 | | 1439925 | 17635 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വൈദ്യുതി ബോർഡ് | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (276/23) | 22201458/31.3.23 | 10,00,000/- | - | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് ഭവന പദ്ധതിക്കായുള്ള ലോൺ | സ.ഉ.(സാധാ) നം 68/2018 ത.സ്വ.ഭ.വ/ 18.05.18 | 22885333, (തൻവർഷം വരവില്ല) | 21470000 | 2718291 | - | 18751709 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹1000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | ₹1000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹1000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|

| | /പോസ്റ്റ് ഓഫീസ്) | | | |
|---|---|---|---|---|
| 1 | മലപ്പുറം കോപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ഓഹരി | 13.09.1977 | - | ₹1000 |
| ആകെ | | | | ₹1000 |

ഓഹരി രേഖകളൊന്നും ഭൗതിക പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി വരവില്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 3-8 | 2017-18 | 2-1-9-12 | സോളാർ പ്ലാന്റ് പ്രവർത്തനക്ഷമമല്ല.പാഴ്ചെലവ് | സമിതിയുടെ പരിഗണനയിൽ |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവ രം

| | തുക(രൂപ) |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 61259132 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 61508813 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഭാഗം-1 ലെ ഖണ്ഡികകൾ പ്രകാരമുള്ള നഷ്ടം | 11500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 473494 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ ത ടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 74736 | സുബൈർ അലി വൈ , അസിസ്റ്റന്റ് സെക്രട്ടറി |
| 1-20 | 21584 | സുബൈർ അലി വൈ , അസിസ്റ്റന്റ് സെക്രട്ടറി |

| | | |
|---|---|---|
| 1-21 | 240174 | സുബൈർ അലി വൈ , അസിസ്റ്റന്റ് സെക്രട്ടറി |
| 1-23 | 137000 | സുബൈർ അലി വൈ , അസിസ്റ്റന്റ് സെക്രട്ടറി |
| | 473494 | |

ഭാഗം 1 ലെ ഖണ്ഡികക ൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-35 | 11500 | ശ്രീ.ദിലീപ് വർമ്മ.എം. അസി.എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി ന്/തടസ്സത്തിന് ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുബൈർ അലി വൈ അസി.സെക്രട്ടറി | അസി.സെക്രട്ടറി, നെന്മാറ ഗ്രാമപഞ്ചായത്ത് | ഹസ്രത്ത് മഹൽ, എലവഞ്ചേരി(പി.ഒ), പാലക്കാട് |
| ശ്രീ ദിലീപ് വർമ്മ.എം. അസി.എഞ്ചിനിയർ | On Deputation | മഠത്തിൽ കോവിലകം കോണത്തുകുന്ന്, ഇരിങ്ങാലക്കുട തൃശ്ശൂർ പിൻ-680123 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFP9-307/98/26-8-1998 | 31 |
| 1997-98 | LFP10-908/99/26-05-2000 | 25 |
| 1998-99 | LFP10-487/2002/4-6-2002 | 10 |
| 2000-01 | LFP10-1056/06/08.10.07 | 12 |
| 2000-01 | LFP10-1394/07/6-10-2010 | 13 |
| 2001-02 | LFP10-427/2010(1)/21-01-2011 | 7 |
| 2002-03 | LFP10-1545/2010(1)/21-01-2011 | 3 |
| 2003-04 | LFP10-277/2011/17-3-2011 | 17 |
| 2004-05 | LFP10-1547/09/13-10-2010 | 7 |
| 2005-06 | LFP10-1548/09(1)/21-1-2011 | 3 |
| 2006-07 | LFP10-1549/09(1)/21-1-2011 | 6 |
| 2007-08 | LFP10-1064/14/7-5-2014 | 9 |
| 2008-09 | LFP10-544/15/3-6-2015 | 4 |
| 2009-10 | LFP10-2054/13/4-12-2013 | 8 |
| 2010-11 | LFP10-1269/13/17-11-2014 | 12 |
| 2011-12 | KSA PKD-10/1948/14/22-9-2015 | 6 |
| 2012-13 & 2013-14 | KSA PKD-10/1620/15/5-6-2017 | 13 |
| 2014-15 | KSA PKD-10-1390/16/4-4-2017 | 5 |
| 2015-16 | KSA PKD-10-164/17/30-1-2017 | 15 |
| 2016-17 | KSA PKD-10-1682/17/16-9-2017 | 24 |
| 2017-18 | KSA PKD-10-347(A)/2019/06.04.2019 | 21 |
| 2018-19 | KSA PKD-10-946/20/15.10.2020 | 16 |
| 2019-20 | KSA.PKD-10/947/20/03.04.2021 | 24 |
| 2020-21 | KSA PKD-10-1481/2022 | 26 |

| | | |
|---|---|---|
| 2021-22 | KSA PKD-25/227/2023-23 /03/2023 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1 dated 29-07-2023 and submitted on 24-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Vadakkenchery Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vadakkenchery Grama Panchayat for the year 2022-2023

Date: 08/11/2023

Deputy Director
District Office Palakkad
Kerala State Audit Department

## Audit Report appended to the Audit Certificate of Vadakkenchery Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1.Cash flow statement- net increase in cash flow does not match with the diference between the opening balance and closing balance of cash & cash equivalents.

2 The following mandatory financial statements prescribed in accounting rules are not submitted for audit

Ratios

Notes to accounts

3.The demand registers are not periodically reconciled with accounts

4.Lapses in making timely and accurate demand entries in respect of tax & non tax revenues

5.The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

6. Deposit- Mismatch between register and AFS

7. Monthly reconciliation of the following bank accounts not done.

SBT 67092800615

kerala gramin bank- 402761001022669

Sub treasury 71407140000003

8. Reconciliation not done on timely basis

| no | Bank account | amount | date of credit | |
|---|---|---|---|---|
| | | | As per pass book | As per bank book |
| 1 | Canara-110042584358-(Health Grant) | 160000 | 6.8.2022 | 15.3.2023 |
| 2 | Canara-110042580920 (Health Grant supportfor diagnostics) | 169716 | 1.8.2022 | 15.3.2023 |

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 3

## വാർഷികകണക്കുകൾ

Vadakkenchery Grama Panchayat
RECEIPT & PAYMENT STATEMENT
For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 14395133.50 |
| Cash | Cash | RP-40(a) | 235520.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 3421150.00 |
| 130000000 | Rental income from Panchayat Properties | RP-3 | 122476.00 |
| 140000000 | Fees & User Charges | RP-4 | 1179075.00 |
| 150000000 | Sale & Hire Charges | RP-5 | 267881.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 18005000.00 |
| 171000000 | Interest Earned | RP-9 | 4364.00 |
| 190000000 | Prior Period Income | RP-11 | 200.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 16896589.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 17396465.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 1245265.00 |
| 340000000 | Deposits Received | RP-33 | 401526.00 |
| 350000000 | Other Liabilities | RP-35 | 2319141.00 |
| | Grand total | | 75889785.50 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 14290.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 1392.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 27190.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 1942695.00 |
| 460000000 | Loans, Advances and Deposits | RP-49 | 226000.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 83350.00 |
| 350000000 | Other Liabilities | RP-35 | 59213896.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 14233665.50 |
| Cash | Cash | RP-40(b) | 147307.00 |
| Grand Total | 75889785.50 | | |

BALANCE sHEET
As on 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 12878497.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 126488128.00 |
| | Total Reserve & Surplus | | 139366625.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 11009860.50 |
| | Total Grants, Contributions for Specific Purposes | | 11009860.50 |
| | Loans | | |
| 330000000 | Secured Loans | B-5 | 18751709.00 |
| 331000000 | Unsecured Loans | B-6 | 0.0 |

| | | | |
|---|---|---|---|
| | Total Loans | | 18751709.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 6872829.00 |
| 341000000 | Deposits Works | B-8 | 17232.00 |
| 350000000 | Other Liabilities | B-9 | 3581475.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 10471536.00 |
| | TOTAL LIABILITIES | | 179599730.50 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 1267798.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 2838286.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 52893631.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 124492941.00 |
| 416000000 | Accumulated Depreciation | B-11(a) | -46886694.00 |
| | Total Fixed Assets | | 134605962.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 1000.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 1000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 19017.00 |
| 431000000 | Sundry Debtors (Receivables) | B-15 | 8631794.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 18751709.00 |
| 450000000 | Cash and Bank Balance | B-17 | 14380972.50 |
| 460000000 | Loans, Advances and Deposits | B-18 | 3209276.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 44992768.50 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 179599730.50 |

Vadakkenchery Grama Panchayat

INCOME & EXPENDITURE STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 13918025.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 3679508.00 |
| 140000000 | Fee & User Charges | I-4 | 5978286.00 |
| 150000000 | Sale & Hire Charges | I-5 | 267881.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 147089639.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 4364.00 |
| 180000000 | Other Income | I-9 | 2067819.00 |
| 190000000 | Prior Period Income | I-19 | 200.00 |
| | Total Income | | 173005522.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 21976016.00 |
| 220000000 | Administrative Expenses | I-11 | 1766523.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | I-12 | 7078380.00 |
| 240000000 | Interest & Finance Charges | I-13 | 6086.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6864100.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 35276178.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 9752280.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 22828925.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 60830940.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1368759.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 19116857.00 |
| | Total Expenditure | | 186865044.00 |
| | Gross Surplus / Deficit of income over Expenditure | | -13859522.00 |
| | Gross Surplus / Deficit of income over Expenditure | | -13856722.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -3000.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -2800.00 |

Deputy Director